# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

| 2024 ജൂൺ 13 | ദീപം 57 | നാളം 14 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org |
|---|---|---|---|---|---|---|





# നിർമിതബുദ്ധി തുറന്ന ചർച്ചയ്ക്ക്

## ഇറ്റലിയിലെ ജി 7 ഉച്ചകോടിയിൽ മാർപാപ്പായും




ഷെവ. അഡ്വ.
വി.സി. സെബാസ്റ്റ്യൻ


വികസിത രാജ്യങ്ങളുടെ ആഗോള കൂട്ടായ്മയായ ജി 7 ഉച്ചകോടി 2024 ജൂൺ 13 മുതൽ 15 വരെ ഇറ്റലിയുടെ ആതിഥേയത്വത്തിൽ തെക്കൻ ഇറ്റാലിയൻ മേഖലയായ പുഗ്ലിയയിൽ ചേരുന്നു. വത്തിക്കാന്റെ ഭരണാധിപൻ എന്നതിലുപരി ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ ഫ്രാൻസീസ് പാപ്പാ, ലോകത്തിന്റെ ഗതിവിഗതികൾ നിർണയിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന 'ഗ്രൂപ്പ് ഓഫ് സെവൻ' രാജ്യങ്ങളുടെ ഉച്ചകോടിയിൽ സാന്നിധ്യമാകുന്നത് ലോകത്തിനു ചരിത്രനിമിഷങ്ങൾ സമ്മാനിക്കും. ശാസ്ത്ര സാങ്കേതികരംഗത്തെ പുത്തൻ ചുവടുവയ്പുകൾ എത്തിച്ചേർന്നിരിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചുള്ള പ്രതീക്ഷകളും ആശങ്കകളും പങ്കുവയ്ക്കുന്നതിനും ആധുനികകാലഘട്ടത്തിലെ ശാസ്ത്ര സാങ്കേതികമാറ്റങ്ങൾക്കു മാനുഷികമൂല്യങ്ങളിൽ അടിയുറച്ച ശരിയായ ദിശാബോധം വിവിധ രാഷ്ട്രത്തലവന്മാർക്കു നൽകുന്നതിനുമാണ് ഉച്ചകോടിയിൽ മാർപാപ്പാ പ്രധാനമായും പങ്കുചേരുന്നത്.

### ജി 7 ഉച്ചകോടി

ഫ്രാൻസ്, യുഎസ്എ, യുകെ, ജർമനി, ജപ്പാൻ, ഇറ്റലി, കാനഡ എന്നീ ഏഴു വികസിതരാജ്യങ്ങളോടൊപ്പം യൂറോപ്യൻ യൂണിയനും നിലവിൽ ഈ രാജ്യാന്തര ഫോറത്തിൽ സജീവസാന്നിധ്യമാണ്. 2023 മേയ് 19 മുതൽ 21 വരെ ജപ്പാനിലെ ഹിരോഷിമയിലാണ് ജി 7 ന്റെ അവസാന ഉച്ചകോടി നടന്നത്. അംഗരാജ്യങ്ങളെക്കൂടാതെ ഇന്ത്യയുൾപ്പെടെ വിവിധ രാഷ്ട്രങ്ങൾ ഈ വർഷത്തെ നിർണായകസമ്മേളനത്തിൽ പ്രത്യേക ക്ഷണിതാക്കളാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ യാഥാർഥ്യങ്ങളും സങ്കീർണതകളും ആശങ്കകളുമകറ്റി ആഗോളധാരണയ്ക്കു രൂപം നൽകാൻ ഉച്ചകോടിയിൽ പ്രത്യേകം ചർച്ചകൾ ഇക്കുറി ക്രമീകരിച്ചിട്ടുണ്ട്. അണുബോംബ് വിതച്ച വിനാശകരമായ നാശനഷ്ടങ്ങളിൽനിന്നു കരകയറി ലോക സമാധാനസന്ദേശം വിളിച്ചുപറഞ്ഞതാണ് 2023 ലെ ജി 7 ഉച്ചകോടി ജപ്പാനിലെ ഹിരോഷിമയിൽ സമാപിച്ചതെങ്കിൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ ലോകം ഭാവിയിൽ കൈവരിക്കുമെന്നു പ്രതീക്ഷിക്കുന്ന നേട്ടങ്ങളും ദുരുപയോഗം ഉയർത്താവുന്ന ആശങ്കകളും പൊതുധാരണയിലൂടെ സദ്ഫലങ്ങളാക്കാൻ ജി 7 വികസിതരാജ്യങ്ങളുടെ കൂട്ടായ്മയിലൂടെ സാധ്യമായേക്കാം.

സ്വാതന്ത്ര്യം, ജനാധിപത്യം, മനുഷ്യാവകാശം എന്നീ മുദ്രാവാക്യങ്ങളാണ് ജി 7 ഉയർത്തുന്നതെങ്കിലും ആഗോളവ്യാപാര വിപണി കീഴടക്കുന്ന തന്ത്രങ്ങളും മാക്രോ ഇക്കോണമി, കറൻസി, ഊർജം എന്നിവയുടെ ഏകോപനവും മുഖ്യ അജണ്ടയാണ്. സ്വതന്ത്രവ്യാപാരത്തിന്റെ ആഗോള സാധ്യതകൾ കൂടുതൽ ലക്ഷ്യത്തിലെത്തിക്കാനുള്ള ചർച്ചകളും ഉച്ചകോടിയിലെ പ്രധാനയിനങ്ങളിൽപ്പെടുന്നു. വികസിത രാജ്യങ്ങൾ നേതൃത്വം നൽകുന്ന ജി 7 ൽ വ്യാവസായിക സാമ്പത്തികവളർച്ചകൾക്കൊപ്പം വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ സാധ്യതകളും ത്രിദിനസമ്മേളനത്തിലെ മുഖ്യ വിഷയങ്ങളിൽപെടുന്നു.

### ഉച്ചകോടിയിൽ മാർപാപ്പാ

ആർട്ടിഫിഷ്യൻ ഇന്റലിജൻസിന്റെ നൈതികതയെക്കുറിച്ചു സംസാരിക്കാൻ ഫ്രാൻസീസ് പാപ്പാ പങ്കെടുക്കുമെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി സ്ഥിരീകരിച്ചിട്ടുണ്ട്. ഉച്ചകോടിയിൽ മാർപാപ്പായുടെ പങ്കാളിത്തം വത്തിക്കാനും സ്ഥിരീകരിച്ചു.

2016 ലും 2020 ലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നൈതികതയെക്കുറിച്ച് ശാസ്ത്രജ്ഞരുമായും ടെക് എക്സിക്യൂട്ടീവുകളുമായും ഉന്നതതലത്തിലുള്ള ചർച്ചകൾ വത്തിക്കാൻ നടത്തിയിരുന്നത് ഇന്നും തുടരുന്നു. മൈക്രോസോഫ്റ്റ് പ്രസിഡന്റ് ബ്രാഡ് സ്മിത്ത്, ഐബിഎം എക്സിക്യൂട്ടീവ് ജോൺ കെല്ലി മൂന്നാമൻ, സിസ്കോ സിസ്റ്റംസ് ചീഫ് എക്സിക്യൂട്ടീവ് ചക്ക് റോബിൻസ് എന്നിവർ കഴിഞ്ഞ നാളുകളിൽ റോമിലെത്തി മാർപാപ്പായെ സന്ദർശിക്കുകയും വത്തിക്കാന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രതിജ്ഞയായ 'റോം കോൾ ഫോർ എ.ഐ. എത്തിക്സി'ൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നിയന്ത്രണവും, ധാർമികവും സാംസ്കാരികവുമായ ചട്ടക്കൂടിന്റെ നിർവചനത്തിൽ മാർപാപ്പായുടെ നിർണായകസാന്നിധ്യവും തീരുമാനങ്ങളും പ്രഖ്യാപനങ്ങളും ഉച്ചകോടിയിലുണ്ടാകുമെന്നാണു പ്രതീക്ഷ.

### ജി 7 ൽ പ്രതിഫലിക്കുന്നത്

ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രതീക്ഷകളും ആശങ്കകളും ഇവ സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളിൽ വരുത്തുന്ന സ്വാധീനങ്ങളും മാറ്റങ്ങളും വികസിതരാഷ്ട്രത്തലവന്മാർക്കുമുമ്പിൽ പങ്കുവയ്ക്കുമ്പോൾ ഉച്ചകോടിയുടെ ഈ വിഷയത്തിലുള്ള ഗൗരവമായ ചിന്തകളും നിലപാടുകളും തുടർപ്രഖ്യാപനങ്ങളും ലോകത്തിന്റെ ഭാവിയെ ഏറെ സ്വാധീനിക്കുമെന്നുറപ്പാണ്.

▶ 8



**അനിൽ ജെ. തയ്യിൽ**

# 'ഇന്ത്യ' തിളങ്ങി മോദിപ്രഭ മങ്ങി

**വോ**ട്ടെണ്ണൽദിനത്തിലെ അപ്രതീക്ഷിതത്വത്തിൽ വരും കാലരാഷ്ട്രീയം കാത്തുവയ്ക്കുന്നതെന്ത് എന്ന അനിശ്ചിതാവസ്ഥയിലാണ് ഇന്ത്യൻ രാഷ്ട്രീയരംഗം. ജൂൺ നാലിന് വോട്ടുപെട്ടി തുറന്നപ്പോൾ കഴിഞ്ഞ പത്തു വർഷങ്ങൾ അധികാരത്തിന്റെ അപ്രമാദിത്വത്തിൽ വാണരുളിയ ബിജെപി കേവല ഭൂരിപക്ഷം നഷ്ടപ്പെട്ടു പകച്ചു നിൽക്കുന്നു! അപ്രതീക്ഷിത മുന്നേറ്റത്തിന്റെ വിസ്മയക്കുതിപ്പിൽ ഇന്ത്യാസഖ്യം!

എൻ.ഡി.എ – 292, ഇന്ത്യാസഖ്യം – 234, മറ്റുള്ളവർ – 17

കേരളം തൂത്തുവാരി യുഡിഎഫ്! കേരളത്തിൽ അക്കൗണ്ട് തുറന്ന് ബിജെപി!

യു.ഡി.എഫ്. – 18. എൽ.ഡി.എഫ്. – 01. ബി ജെ പി – 01.

എക്സിറ്റ് പോൾ അല്ല എക്സാറ്റ് പോൾ എന്ന തിരിച്ചറിവു നൽകിക്കൊണ്ട് ഇന്ത്യയും കേരളവും മാറിച്ചിന്തിക്കുന്നുവെന്നതാണ് വോട്ടെണ്ണൽദിനത്തിലെ ചിത്രം വ്യക്തമാക്കുന്നത്. ഇഞ്ചോടിഞ്ചുപോരാട്ടത്തിന്റെ നേർക്കാഴ്ചയായിമാറിയ വോട്ടെണ്ണൽ ദിനം, ജനാധിപത്യത്തിന്റെ കരുത്തോടെയുള്ള തിരിച്ചുവരവിനു രാജ്യം സാക്ഷ്യം വഹിക്കുന്നതിന്റെ മനോഹരമായ കാഴ്ച സമ്മാനിച്ചു. കേന്ദ്രത്തിലും കേരളത്തിലും ഭരണവിരുദ്ധവികാരത്തിന്റെ കൊടുങ്കാറ്റാഞ്ഞടിച്ചുവെന്നു നിസ്സംശയം പറയാം. നാനൂറിലേറെ സീറ്റ് എന്ന അവകാശവാദത്തിന്റെ ഗർവിൽ വിവേകാനന്ദപ്പാറയിൽ അരങ്ങേറിയ ധ്യാനനാടകത്തിനൊടുവിൽ മോഹങ്ങൾ തിരയെടുക്കുന്ന കാഴ്ചയാണു നാം കണ്ടത്.

292 സീറ്റിൽ എൻഡിഎ മുന്നണിയെ പിടിച്ചുകെട്ടിയ ഇന്ത്യാസഖ്യം നേടിയ 234 സീറ്റുകൾക്കു കേവലഭൂരിപക്ഷത്തെക്കാൾ മധുരം! തനിച്ചു ഭരിക്കാനാവശ്യമായ 272 എന്ന മാജിക് നമ്പർ കൈയെത്താദൂരത്ത് ആയതോടെ അധികാരമുറപ്പിക്കാൻ ധർമാധർമങ്ങളെക്കുറിച്ചു ചിന്തിക്കുന്ന ശീലമില്ലാത്ത ബിജെപി എന്തു കളികളാവും നടത്തുന്നതെന്ന് ഉറ്റുനോക്കുകയാണു രാജ്യം.

2014 ൽ 282 ഉം 2019 303 ഉം സീറ്റുകൾ നേടി അധികാരപ്രമത്തതയുടെ ഉത്തുംഗശൃംഗങ്ങളിലിരുന്ന് ജനാധിപത്യത്തെ ഗോഷ്ടി കാണിച്ച മോദിക്ക് 2024 ൽ കേവലഭൂരിപക്ഷത്തിൽപ്പോലും എത്താനാവാതെ 240 സീറ്റുകളിൽ ഒതുങ്ങേണ്ടിവന്നത് വ്യക്തിപരമായേറ്റ വൻതിരിച്ചടിയാണ്. ഈ തോൽവിയുടെ പൂർണമായ ഉത്തരവാദിത്വം മോദി – അമിത് ഷാ ദ്വയത്തിനുമാത്രമാണ്. ഇരുവർസംഘത്തിനുമുമ്പിൽ ബിജെപി എന്ന പാർട്ടിയും മറ്റു നേതാക്കളും വെറും പാവകൾമാത്രമായി ഒതുങ്ങിയിരുന്നു എന്നതുതന്നെ കാരണം. ഒപ്പംതന്നെ, വിശ്വഗുരു പരിവേഷത്തിൽ പരിലസിച്ചിരുന്ന മോദിക്ക് വ്യക്തിപരമായ അടുത്ത ആഘാതമായി വാരണാസിയിലെ സ്വന്തം വിജയം. 2019 ൽ ഇതേ സ്ഥാനാർത്ഥിക്കെതിരേ നേടിയ 4,79,000 വോട്ടിന്റെ ഭൂരിപക്ഷം കുത്തനെ ഇടിഞ്ഞ് 1,52,513 ആയി മാറിയത് മോദിപ്രഭാവം കുറയുന്നതിന്റെ



ദൃഷ്ടാന്തമായി. വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിലെങ്കിലും അദ്ദേഹം പിറകിലായിപ്പോയി എന്നതും ഓർമിക്കേണ്ട ഒരു കാര്യമാണ്. അതേസമയം, മോദിയുടെ പരിഹാസശരങ്ങൾ ഏറ്റുവാങ്ങിയ രാഹുൽഗാന്ധി മത്സരിച്ച റായ്ബറേലിയിൽ നാലു ലക്ഷത്തിലേറെയും വയനാട്ടിൽ മൂന്നര ലക്ഷത്തിലേറെയും വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ചതെന്നതും മോദിക്കു തിരിച്ചടിയായി.

ഈ തിരഞ്ഞെടുപ്പിൽ ദേശീയരാഷ്ട്രീയത്തിന്റെ നടുത്തളത്തിൽ മിന്നുംതാരങ്ങളായത് മൂന്നുപേരാണ്. ഒരു ഘട്ടത്തിൽ ഇല്ലാതായി എന്നുറപ്പിച്ച ഇന്ത്യാസഖ്യത്തെ ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേല്പിച്ച രാഹുൽഗാന്ധി, അഖിലേഷ് യാദവ്, എം.കെ. സ്റ്റാലിൻ എന്നിവരാണ് യഥാർഥത്തിൽ ഇന്ത്യാമുന്നണിയുടെ അപ്രതീക്ഷിത മുന്നേറ്റത്തിന്റെ യഥാർഥ അവകാശികൾ. 50 സീറ്റുപോലും കടക്കില്ല എന്ന് നരേന്ദ്രമോദി തുടർച്ചയായി പരിഹസിച്ചിരുന്ന കോൺഗ്രസിനെ 99 സീറ്റ് നേടി വൻതിരിച്ചുവരവിന്റെ പാതയിലെത്തിക്കാൻ ഏറെ ദൂരങ്ങൾ നടന്നുതീർക്കേണ്ടിവന്ന രാഹുൽഗാന്ധി എന്ന നേതാവിന് ഇത് അഭിമാനത്തിന്റെ നിമിഷം. മോദീ, താങ്കൾ നേടില്ല എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞത് കനലെരിഞ്ഞ വഴികൾ ഏറെ താണ്ടിയ കരുത്തിൽ അദ്ദേഹം യാഥാർഥ്യമാക്കി.

അഖിലേഷ് യാദവിന്റെ സുദർശനചക്രം യുപിയിൽ ബിജെപിയെ അരിഞ്ഞുവീഴ്ത്തിയപ്പോൾ ഇന്ത്യാസഖ്യം നേടിയത് 43 സീറ്റുകൾ. വരുംകാലപ്രധാനമന്ത്രി എന്നു വിശേഷിപ്പിക്കപ്പെടുന്ന യോഗി ആദിത്യനാഥിന്റെ മണ്ണിൽ എൻഡിഎ നേടിയതാവട്ടെ 36 സീറ്റുകൾമാത്രം. ഇതാണ് ഹിന്ദിഹൃദയഭൂമിയിൽ ബിജെപിയുടെ നട്ടെല്ലൊടിച്ചത്. ബിഎസ്പി ചിത്രത്തിൽനിന്നു മാഞ്ഞതോടെ യുപിയിലെ വിധി നിർണയിക്കുന്ന ദളിത് വോട്ടുകൾ ബിജെപിയിലേക്കു ചോരാതെ സമാജ്‌വാദിപാർട്ടിയിലേക്കു സമാഹരിക്കാൻ സാധിച്ചുവെന്നത് അഖിലേഷിന്റെ വിജയമായി. ഈ യുവ യാദവനേതാവ് വരുംകാല ദേശീയരാഷ്ട്രീയത്തിലെ സുപ്രധാനകണ്ണിയാകുമെന്ന് ഉറപ്പ്.

തമിഴ്നാട്ടിൽ എം.കെ. സ്റ്റാലിന്റെ നേതൃത്വത്തിൽ നടന്ന തേരോട്ടത്തിൽ ബിജെപി മുമ്പു കാണാത്തവിധം നിഷ്കാസനം ചെയ്യപ്പെടുകയാണുണ്ടായത്. മരുന്നിനുപോലുമില്ലാത്ത വിധം തമിഴ്നാട്ടിൽനിന്ന് ബിജെപിയെ തൂത്തെറിഞ്ഞ സ്റ്റാലിൻ ജനക്ഷേമനടപടികൾക്കും രാഷ്ട്രീയതന്ത്രങ്ങൾക്കും വിദഗ്ധനായതിനാൽ ദേശീയരാഷ്ട്രീയത്തിന് ഒരു വാഗ്ദാനമാണ്. അഖിലേഷിനും സ്റ്റാലിനും രാഷ്ട്രീയപാരമ്പര്യത്തിന്റെ പരിചയമേറെയുണ്ട് എന്നതും ശ്രദ്ധേയം.

വംഗദേശത്ത് മമതാ ബാനർജി എന്ന പെൺപുലിക്കരുത്തിൽ ബിജെപിക്ക് അടിതെറ്റിയപ്പോൾ തൃണമൂൽ കോൺഗ്രസ് വാരിക്കൂട്ടിയത് നിർണായകമായ 30 സീറ്റുകൾ! മഹാരാഷ്ട്രയിൽ ബിജെപി നടത്തിയ രാഷ്ട്രീയധർമം മറന്ന ഉപജാപങ്ങൾ അവർക്കു തിരിച്ചടിയായി മാറി. എൻഡിഎ നേടിയ 17 സീറ്റുകൾക്കു മുകളിൽ 30 സീറ്റുകൾകൊണ്ടാണ് ഇന്ത്യാസഖ്യം മറുപടി പറഞ്ഞത്.

അമിത ആത്മവിശ്വാസം ബിജെപിക്കു വിനയായെങ്കിൽ ഉറച്ച ആത്മവിശ്വാസം ഇന്ത്യാസഖ്യത്തിനു ജീവശ്വാസമായി. കർഷകസമരത്തിനെതിരേ കേന്ദ്രസർക്കാർ കൈക്കൊണ്ട അപലപനീയമായ നടപടികളും അമിതമായ ന്യൂനപക്ഷവർഗീയതയുമെല്ലാം ഉത്തരേന്ത്യയിൽ ബിജെപിക്കു തിരിച്ചടിയായി. അയോധ്യയും രാമക്ഷേത്രവുമൊന്നും ജനങ്ങളെ സ്പർശിച്ചതേയില്ല.

ശക്തമായ ഒരു പ്രതിപക്ഷമാണ് ജനാധിപത്യത്തിന്റെ കരുത്ത് എന്നിരിക്കേ, ഏറെക്കാലത്തിനൊടുവിൽ അത് സംജാതമായി എന്നതാണ് ഈ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം.

ബിജെപിക്കും ഇന്ത്യാസഖ്യത്തിനും കേവലഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ, ജെഡിയു, ടി ഡി പി തുടങ്ങിയ കക്ഷികൾക്കു പ്രാധാന്യമേറുകയാണ്. എവിടെയും ചാടുന്ന നിതീഷ് കുമാർ നിലപാടെടുത്തിട്ടില്ല. മമതാ ബാനർജി അദ്ദേഹവുമായി ആശയവിനിമയം നടത്തിവരുന്നുണ്ട്. ഇന്ത്യാസഖ്യത്തിന്റെ പ്രതീക്ഷകൾക്കു മങ്ങലേല്പിച്ചുകൊണ്ട് ചന്ദ്രബാബു നായിഡു (ടിഡിപി) ഇന്നത്തെ എൻഡിഎ യോഗത്തിൽ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എൻഡിഎ കൺവീനർ സ്ഥാനമാണ് അദ്ദേഹത്തിനുള്ള വാഗ്ദാനം എന്നറിയുന്നു.



സഖ്യകക്ഷിഭരണം കോൺഗ്രസിനു പുത്തരിയല്ല. എന്നാൽ, ബിജെപിക്ക് കേവലഭൂരിപക്ഷമില്ലാത്ത ഒരു മുന്നണിസർക്കാരിനെ നരേന്ദ്രമോദി നയിച്ചിട്ടില്ല എന്നത് ഒരു പ്രശ്നംതന്നെയാണ്. ഗുജറാത്തിലും ഡൽഹിയിലും ആധിപത്യത്തിന്റെ ആൾരൂപമായിരുന്ന മോദി തനിക്കു സർവാധിപത്യം ഇല്ലാത്തിടത്ത് എത്രനാൾ ചന്ദ്രബാബു നായിഡുവിന്റെയും നിതീഷ് കുമാറിന്റെയും കനിവിൽ ഭരണം നടത്തുമെന്നു കണ്ടറിയണം. ഒരുപക്ഷേ, രാജ്യം ഇന്നേവരെ കണ്ടിട്ടില്ലാത്തവിധം രാഷ്ട്രീയക്കളികൾക്കും പിളർപ്പുകൾക്കും നാം സാക്ഷ്യംവഹിക്കേണ്ടിവന്നേക്കാം. ഇനിയും ഭരിക്കുന്നത് മോദിയാവാം, എന്നിരുന്നാലും പ്രതിപക്ഷംകൂടി ചേരുന്നതാണ് ജനാധിപത്യമെന്ന ഒരു ബോധ്യം അദ്ദേഹത്തിന് ഉണ്ടാവേണ്ടതാണ്.

കേരളത്തിൽ ഭരണവിരുദ്ധവികാരത്തിന്റെ വേലിയേറ്റം കണ്ട സിപിഎം സ്വയം തിരുത്തുകയും അധികാരത്തിന്റെ അപ്രമാദിത്വം നുകരുന്ന മുഖ്യമന്ത്രിയെ തിരുത്താൻ തയ്യാറാവുകയും വേണം.

ത്രികോണപ്പോരിൽ തൃശൂരിന്റെ തിടമ്പേറ്റിയ സുരേഷ് ഗോപി 75 വർഷങ്ങൾക്കിപ്പുറം കേരളരാഷ്ട്രീയത്തിന്റെ ലോകസഭാതിരഞ്ഞെടുപ്പുമുന്നണി ചിത്രം യുഡിഎഫ് – എൽഡിഎഫ് – ബിജെപി എന്നിങ്ങനെ മൂന്നായി വിഭജിച്ചു. തിരുവനന്തപുരത്തും ആറ്റിങ്ങലിലും ഒപ്പത്തിനൊപ്പം പൊരുതിത്തോൽക്കുകയായിരുന്ന ബിജെപിയുടെ കേരളത്തിലെ അപ്രതീക്ഷിതമുന്നേറ്റം ഇരുമുന്നണികളുടെയും വീഴ്ചയുടെ ഫലമാണ് എന്നു പറയാതെ വയ്യ. കഴിഞ്ഞതവണത്തെ തന്റെ 28 ശതമാനം വോട്ടുവിഹിതം ഇത്തവണ 39 ശതമാനമാക്കി ഉയർത്തിയ സുരേഷ് ഗോപി വിജയശേഷം മാധ്യമപ്രവർത്തകരെ കണ്ടപ്പോൾ ആദ്യമേ ലൂർദു മാതാവിനു നന്ദി പറഞ്ഞത് ഇടതുപക്ഷം നടത്തിയ വ്യക്തിഹത്യയ്ക്കുള്ള കൃത്യമായ മറുപടിയായിരുന്നു. തൃശൂരിൽ തങ്ങളുടെ സ്ഥാനാർഥി മൂന്നാം സ്ഥാനത്തായി എന്നത് കോൺഗ്രസിനെ ചിന്തിപ്പിക്കേണ്ടതുണ്ട്. എല്ലാ മണ്ഡലങ്ങളിലും മുഖ്യമന്ത്രി ഒറ്റയ്ക്കാണു പ്രചാരണത്തിനു നേതൃത്വം നൽകിയത് എന്നതുകൊണ്ടുതന്നെ തോൽവിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് സ്വയം വിലയിരുത്തൽ നടത്തേണ്ടതല്ലേ എന്ന് അദ്ദേഹം ചിന്തിക്കണം. കണ്ണൂർ ജില്ലയിലെ സിപിഎം പാർട്ടിഗ്രാമങ്ങളിലടക്കം കോൺഗ്രസ് നേടിയ മേൽക്കോയ്മ സത്യത്തിൽ അവരെ ഞെട്ടിച്ചിട്ടുണ്ട്. പാർട്ടിയിൽ സർവാധിപതിയായി വാണരുളുന്ന പിണറായി വിജയന്റെ അപ്രമാദിത്വം ചോദ്യം ചെയ്യപ്പെടുന്ന ചർച്ചകൾക്ക് ഇടതുപക്ഷത്തിന്റെ ഈ വൻപരാജയം വഴിതുറന്നേക്കാം. കേരളത്തിൽ ബിജെപിക്കു തുല്യമായി ഒരു സീറ്റുമായി നിലനിൽക്കുക എന്നത് എന്തൊക്കെ ന്യായീകരണങ്ങൾ ഉന്നയിച്ചാലും എൽഡിഎഫിന് അപമാനം തന്നെയാണ്.

■

# വിജ്ഞാനവഴികളിൽ വിശ്വാസവെളിച്ചമേകാം



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**വേ**നലവധിയോടു വിട പറഞ്ഞ് വിദ്യാലയങ്ങളുടെ വാതിലുകൾ വീണ്ടും തുറക്കുകയാണ്. അക്ഷരക്ഷേത്രങ്ങളുടെ അങ്കണങ്ങളിലേക്കു കന്നിച്ചുവടു വയ്ക്കുന്ന കുരുന്നുകളും, പുതിയ ക്ലാസിനെക്കുറിച്ചുള്ള കിനാവുകളുടെ കളർബാഗുകളുമേന്തി പോകുന്ന പഴയ പഠിപ്പുകാരുമൊക്കെയായി അനേകായിരം വിദ്യാന്വേഷികൾ തങ്ങളുടെ പ്രയാണമാരംഭിക്കുകയാണ്. ഈ തിരക്കുകൾക്കിടയിൽ താഴെച്ചേർക്കുന്ന ചില ചിന്തകൾ ക്രൈസ്തവമാതാപിതാക്കളും മക്കളും ഒരുപോലെ തങ്ങളുടെ ഓർമത്താളുകളിൽ കുറിച്ചിട്ടാൽ കൊള്ളാം.

**വിശ്വാസമാണ് വിജ്ഞാനത്തെക്കാൾ വിലയേറിയത്**

അറിവ് അഴകാണ്, അലങ്കാരമാണ്, അമൂല്യമായ ആഭരണമാണ്. അന്തസ്സുറ്റതും അർഥപൂർണവുമായ ജീവിതത്തിന് അത് അത്യന്താപേക്ഷിതംതന്നെ. അറിവുള്ളവർക്കേ ആദരവും അംഗീകാരവുമുള്ളൂ. വിദ്യാസമ്പന്നരുടെ വാക്കുകൾക്കേ ലോകം വില കല്പിക്കൂ. നാലക്ഷരം അറിയാവുന്നവർക്കേ നട്ടെല്ലു നിവർത്തി നില്ക്കാനാവൂ. അതുകൊണ്ടുതന്നെ, അറിവിനുവേണ്ടിയുള്ള മനുഷ്യന്റെ ആർത്തിയും അലച്ചിലും അവസാനിക്കുന്നില്ല. വിശുദ്ധഗ്രന്ഥത്തിൽ വിജ്ഞാനത്തെ രത്നങ്ങളെക്കാൾ ശ്രേഷ്ഠമെന്നാണു ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ, കേവലം അറിവിന്റെ അക്ഷരക്കൂട്ടുകൾക്കു മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണാനോ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനോ നാളിതുവരെ കഴിഞ്ഞിട്ടില്ല. അവിടെയാണ് വിശ്വാസത്തിന്റെ മുൻതൂക്കം മനുഷ്യൻ മനസ്സിലാക്കേണ്ടത്.

അറിവിന്റെ ആരംഭം വിശ്വാസത്തിൽ അടിത്തറ പാകിയ ദൈവഭയമാണ്. വിശ്വാസത്തിൽ വേരൂന്നാത്ത മനുഷ്യന്റെ വിജ്ഞാനം അവനോടൊപ്പം അവസാനിക്കും. വിജ്ഞാനി മരിക്കും. എന്നാൽ, വിശ്വാസി മരിച്ചാലും ജീവിക്കും. ഓർക്കണം, വിദ്യാലയങ്ങൾ പള്ളിക്കൂടങ്ങളായിട്ടാണ് ആരംഭിച്ചത്. പള്ളി ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസത്തിന്റെ കൂടാരമാണ്. അതിനോടടുത്തുള്ള വിദ്യാലയത്തിൽ തെളിച്ചുകൊടുക്കുന്ന വിജ്ഞാനത്തിന്റെ വിളക്കുതിരിക്ക് വിശ്വാസതൈലത്തിന്റെ നനവാണുള്ളത്. ഒരു ക്രിസ്ത്യാനിയുടെ ജീവിതമാകുന്ന വൃക്ഷത്തിന്റെ തായ്ത്തടി വിശ്വാസവും ശിഖരങ്ങൾ വിവിധ തരത്തിലുള്ള വിജ്ഞാനവുമാണ്. വിശ്വാസത്തെ വിസ്മരിച്ച് നാം വാരിക്കൂട്ടുന്ന വിജ്ഞാനമണികൾ വിരലുകളുടെ വിടവുകളിലൂടെ വെറുതെ ചോർന്നുപോവുകയേ ഉള്ളൂ. പുൽക്കൂട്ടിലെ പൈതലിനു പാദപൂജ ചെയ്ത ജ്ഞാനികളെപ്പോലെ, വിജ്ഞാനം വിശ്വാസത്തിനു പാദസേവ ചെയ്യുകതന്നെ വേണം. കാരണം, വിശ്വാസമാണ് വിജ്ഞാനത്തിനു ശക്തിയും ശുദ്ധിയും ശോഭയുമേകുന്നത്.

**വിജ്ഞാനം ദൈവികദാനമാണ്**

വിദ്യയെ വിഗ്രഹത്തെപ്പോലെ പൂവിട്ടു പൂജിക്കുന്ന മനുഷ്യൻ മറന്നുപോകരുതാത്ത ഒരു പരമാർഥമാണ് അറിവിന്റെ ഉറവിടം ദൈവമാണെന്നത്. പരിജ്ഞാനത്തിൽ പേരുകേട്ട സോളമൻരാജാവിന് ദൈവമാണ് വിജ്ഞാനം വരമേകുന്നത്. കൈക്കുള്ളിലൊതുക്കുന്ന ഒരു സമ്പാദ്യമെന്നതിലുപരിയായി സർവജ്ഞാനിയായ തമ്പുരാൻ നല്കുന്ന ഒരു സമ്മാനമാണ് ജ്ഞാനം. കഠിനാധ്വാനവും കഷ്ടപ്പാടുമൊക്കെ അതിന് അർഹരാകാൻ ആവശ്യവുമാണ്. ദൈവം ലോകത്തിനു നല്കിയ ഏറ്റവും മഹത്തായ ദാനം തന്റെ ഏകജാതനാണ്. ആ ക്രിസ്തുതന്നെയാണ് നമ്മുടെ യഥാർഥ ജ്ഞാനവും. അവനിൽ ശരണപ്പെടുന്നവർക്ക് തന്റെ ജ്ഞാനത്തിന്റെ ഓഹരി അവൻ നല്കും. ആകയാൽ, അറിവിനെ അന്വേഷിക്കുന്നവർ അവിടുത്തെ ആത്മാവിന്റെ അനുഗ്രഹത്തിനായി അനുദിനം പ്രാർഥിക്കണം. കാരണം, ആത്മാവാണ് ആധികാരികതയുള്ള അധ്യാപകൻ. അവൻ പകർന്നുതരുന്ന വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും വെട്ടത്തിൽമാത്രമേ തട്ടിവീഴാതെ ദൂരങ്ങൾ താണ്ടാൻ നമുക്കു കഴിയൂ.

**വിശ്വാസശിക്ഷണവും വിജ്ഞാനശിക്ഷണവും**

ബാലനായ ഈശോ അറിവിന്റെ ആദ്യാക്ഷരങ്ങൾ വരച്ചാണ് വളർന്നുവന്നത്. വേണ്ടത്ര വിദ്യാഭ്യാസവും പൊതുപരിജ്ഞാനവും അവനു നല്കാൻ അവന്റെ അപ്പനമ്മമാർ അതീവ ശ്രദ്ധാലുക്കളായിരുന്നു. അക്കാരണത്താൽത്തന്നെ, ദൈവാലയത്തിൽ ഉപാധ്യായന്മാരുടെ ഒപ്പമിരുന്ന് അവരോടു മറുചോദ്യങ്ങൾ ഉന്നയിക്കാനും അതുവഴി അവരുടെയൊക്കെ ആശ്ചര്യത്തിനും പ്രശംസയ്ക്കും പാത്രമാകാനും അവനു സാധിച്ചു. അപ്പോഴും, ദൈവികവും മതപരവുമായ കാര്യങ്ങൾക്കാണ് അവൻ മുൻഗണന കൊടുത്തിരുന്നത്. കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളോടു പ്രതിബദ്ധതയില്ലാത്ത അപ്പനും അമ്മയും തങ്ങളെത്തന്നെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. പരിജ്ഞാനത്തിലുള്ള പരിശീലനമാണ് കുഞ്ഞുങ്ങളെ രക്ഷിതാക്കളോടും രാഷ്ട്രത്തോടുമൊക്കെ കടപ്പാടുള്ള പൗരരാക്കി മാറ്റുന്നത്.

അറിവിനെ തിരിച്ചറിവാക്കുന്നതു വിശ്വാസമാണ്. വിശ്വാസത്തിന്റെ തായ്‌വേരില്ലാത്ത വിജ്ഞാനം തലച്ചോറിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഇത്തിൾക്കണ്ണിമാത്രമാണ്. കാലവ്യതിയാനത്തിൽ അതു കരിഞ്ഞുപോകും. അറിവ് മനുഷ്യരെ മൃഗങ്ങളല്ലാതാക്കുന്നേയുള്ളൂ. തിരിച്ചറിവാണ് മനുഷ്യരെ മനുഷ്യരാക്കുന്നത്. അറിവിന്റെ അധ്യായങ്ങൾ പാഠപുസ്തകങ്ങളിൽ ഉള്ളപ്പോൾ, തിരിച്ചറിവിന്റെ താളുകൾ വിശ്വാസഗ്രന്ഥങ്ങളിലാണുള്ളത്. അതുകൊണ്ടുതന്നെ, ക്രൈസ്തവകുഞ്ഞുങ്ങളുടെ മത, വേദ, വിശ്വാസപരിശീലനം മാതാപിതാക്കളുടെ ഏറ്റവും പ്രധാനപ്പെട്ട കടമയായിട്ടാണ് കത്തോലിക്കാസഭ കണക്കാക്കുന്നത്.

**വേദപാഠക്ലാസുകൾ വിശ്വാസസിരകളാണ്**

സിനഗോഗുകളിൽ പഠിപ്പിച്ചും പ്രസംഗിച്ചും ചുറ്റിസഞ്ചരിച്ച കർത്താവ് തന്റെ ശ്രോതാക്കളെയും ശിഷ്യരെയുമൊക്കെ വിശ്വാസശിക്ഷണത്തിൽ രൂപീകരിക്കുകയായിരുന്നു. ശിശുക്കളെ അരികിലേക്കു വിളിച്ച് അനുഗ്രഹിച്ചപ്പോഴും, ആലിംഗനം ചെയ്തപ്പോഴും അവൻ അവർക്കു വിശ്വാസത്തിന്റെ വിശുദ്ധ സ്പർശമാണു സമ്മാനിച്ചത്. ഗുരുവധരങ്ങളിൽനിന്നു വിശ്വാസത്തിന്റെ മധുമൊഴികൾ കേട്ടുപഠിച്ച അപ്പസ്തോലഗണം പിന്നീട് വിവിധ സഭാസമൂഹങ്ങളെ മതബോധനത്തിലൂടെ പ്രബുദ്ധരാക്കി. അതുകൊണ്ടുതന്നെ, കത്തോലിക്കാസഭ ഇന്നും മതബോധനക്ലാസുകൾക്ക് അഗ്രസ്ഥാനം കൊടുക്കുന്നു. ക്രിസ്ത്യാനിയായ ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്ക് ദൈവവിശ്വാസമാകുന്ന ആത്മീയരക്തം സംവഹിക്കുന്ന ധമനികളാണ് വേദപാഠക്ലാസ്സുകൾ.

വിശുദ്ധരെല്ലാവരും തങ്ങളുടെ ജീവിതത്തിൽ മതബോധനത്തെ പ്രധാന പീഠത്തിൽ പ്രതിഷ്ഠിച്ചവരാണ്. വി. ആഗസ്തീനോസ്, നിസ്സായിലെ വി. ഗ്രിഗറി, വി. ജോൺ ക്രിസോസ്തം, അലക്സാണ്ഡ്രിയയിലെ വി. ക്ലെമന്റ്, വി. ഡെന്നീസ് തുടങ്ങിയവരെല്ലാം വേദോപദേശകരായിരുന്നു. വി. ജെറോം അദ്ദേഹത്തിന്റെ ജീവിതസായാഹ്നം കുട്ടികൾക്കു മതബോധനം കൊടുക്കുന്നതിനാണു നീക്കിവച്ചത്. പാരീസിലെ പ്രസിദ്ധ ചാൻസലറായിരുന്ന ജീൻ ഗേർസൺ താൻ കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുന്നതിന്റെ പേരിൽ വിമർശിക്കപ്പെട്ടപ്പോൾ, 'കുഞ്ഞുങ്ങളെ നരകസർപ്പത്തിൽനിന്നു രക്ഷിക്കുകയും, സഭയുടെ പൂന്തോട്ടത്തിലെ ഈ ഇളം ചെടികൾക്കു വെള്ളമൊഴിച്ചുകൊടുക്കുകയും ചെയ്യുന്നതിനെക്കാൾ മഹത്തായ ഒരു സേവനം എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല' എന്നാണ് മറുപടി നല്കിയത്. വി. ഇഗ്നേഷ്യസും വി. ഫ്രാൻസീസ് സേവ്യറും വി. ഫ്രാൻസീസ് ബോർഗിയയും കുട്ടികൾക്കു വേദോപദേശം നല്കുന്നതിനു തങ്ങളെത്തന്നെ നിയോഗിച്ചവരാണ്.

ക്ലരീഷ്യൻ സന്ന്യാസസഭാസ്ഥാപകനായ വിശുദ്ധ ആന്റണി മേരി ക്ലാരെറ്റ് തന്റെ ചെറുപ്പകാലംമുതൽ വേദപഠനത്തോട് ആഴമായ സ്നേഹവും ആഭിമുഖ്യവും പുലർത്തിയിരുന്ന വ്യക്തിയാണ്. ബാലനായ ആന്റണി ഒരിക്കൽപ്പോലും ഞായറാഴ്ചകളിലെ മതബോധനക്ലാസ്സുകൾ മുടക്കിയിരുന്നില്ല. പിന്നീട്, ഒരു സെമിനാരി വിദ്യാർഥി, വൈദികൻ, മിഷനറി, കൂടാതെ ക്യൂബയിലെ ആർച്ചുബിഷപ് എന്നീ നിലകളിൽ ആയുഷ്കാലം മുഴുവൻ കുട്ടികളെയും മുതിർന്നവരെയും തീക്ഷ്ണതയോടെ വേദപാഠം പഠിപ്പിക്കുക എന്നത് തന്റെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമായി കണക്കാക്കി. ഇതേക്കുറിച്ച് അദ്ദേഹം കുറിക്കുന്നത്, 'ക്രിസ്തീയവിശ്വാസസത്യങ്ങൾ കുട്ടികളെ അഭ്യസിപ്പിക്കുക എന്നതിനായിരുന്നു ഞാൻ പ്രാഥമികപരിഗണന നല്കിയത്. ഈ തരത്തിലുള്ള വിദ്യാഭ്യാസത്തോട് എനിക്കു ശക്തിയായ ഒരു അഭിവാഞ്ഛ ഉണ്ടായിരുന്നതുകൊണ്ടു മാത്രമല്ല, ഇതിന്റെ മുഖ്യപ്രാധാന്യം ഞാൻ മനസ്സിലാക്കുകയും ചെയ്തതിനാലായിരുന്നു ഇത്. മതപരവും, ധാർമികവുമായ ജീവിതസൗധത്തിന്റെ അടിത്തറ വേദോപദേശത്തിലുള്ള അറിവാണ്. അതിൽ കൂടുതലായി, കുട്ടികൾ താത്പര്യത്തോടെ പഠിക്കുകയും, അതിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. തെറ്റുകൾ, ദുരാചാരങ്ങൾ, അജ്ഞത എന്നിവയിൽനിന്നെല്ലാം വേദോപദേശം അവരെ സംരക്ഷിക്കുകയും പുണ്യങ്ങളിൽ അവരെ വളരെയെളുപ്പം ഉറപ്പിക്കുകയും ചെയ്യുന്നു' എന്നാണ്. മതാധ്യാപനത്തിലൂടെ നിഷ്കളങ്കത കാത്തുസൂക്ഷിക്കുന്ന ഒരു കുട്ടി ദൈവദൃഷ്ടിയിൽ ഈ ലോകത്തിലെ സകല സാമ്രാജ്യങ്ങളെക്കാൾ വിലയേറിയ ഒരു നിധിയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.


ചുരുക്കത്തിൽ, വിശ്വാസവീഥിയിലെ വിളക്കുമരങ്ങളാണ് വേദപാഠങ്ങൾ. വിശ്വാസപരിശീലനത്തിന്റെ പ്രസക്തിയും പ്രാധാന്യവും മതിയായി മനസ്സിലാക്കിക്കൊണ്ട് ഈ അധ്യയനവർഷത്തിൽ നമ്മുടെ മക്കൾ മതബോധനക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുക്കുന്നു എന്നുറപ്പുവരുത്താം. ട്യൂഷൻ, കോച്ചിംഗ്, ആഘോഷങ്ങൾ എന്നിവ മതബോധനക്ലാസുകളെ ബാധിക്കാത്തവിധത്തിൽ ക്രമീകരിക്കാം. ഇടവകയിലെ മതപഠനസംബന്ധമായ എല്ലാ സംരംഭങ്ങളോടും സഹകരിക്കാം. ഒപ്പം, മതാധ്യാപകരെ മാനിക്കാം. ദിവ്യമായ ഒരു ദൗത്യമാണ് അവരുടേത്. അവരുടെ സേവനങ്ങളെ വിലമതിക്കാം. കുടുംബത്തിൽ കുട്ടികളുടെ സാന്നിധ്യത്തിൽ അവരെ അധിക്ഷേപിച്ചു സംസാരിക്കാതിരിക്കാം. അവരോടുള്ള അപമാനം അവർ പകർന്നുകൊടുക്കുന്ന ദൈവികമായ അറിവിനോടുള്ള അനാദരവുതന്നെ. വീടുകളിൽ കുട്ടികൾ വിശ്വാസത്തിൽ അധിഷ്ഠിതമായ വിജ്ഞാനത്തിൽ വളർന്നവരട്ടെ. വേദാഭ്യാസവും വിദ്യാഭ്യാസവും അവരുടെ സമ്പാദ്യങ്ങളാകട്ടെ. വചനങ്ങളും നിർവചനങ്ങളും അവർ ഒരുപോലെ ഉരുവിടട്ടെ. അങ്ങനെ, അവരിലൂടെ കുടുംബങ്ങൾ കൂടുതൽ അനുഗ്രഹിക്കപ്പെടട്ടെ.

■




**ഓർക്കണം, വിദ്യാലയങ്ങൾ പള്ളിക്കൂടങ്ങളായിട്ടാണ് ആരംഭിച്ചത്. പള്ളി ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസത്തിന്റെ കൂടാരമാണ്. അതിനോടടുത്തുള്ള വിദ്യാലയത്തിൽ തെളിച്ചുകൊടുക്കുന്ന വിജ്ഞാനത്തിന്റെ വിളക്കുതിരിക്ക് വിശ്വാസതൈലത്തിന്റെ നനവാണുള്ളത്.**

# കണക്കറിയാത്ത മണ്ടനും അതിബുദ്ധിയുള്ള അപ്പനും



ഡോ. ജസ്റ്റിൻ തോമസ്



**അ**മ്മയും അപ്പനും ഉയർന്ന ജോലി ചെയ്യുന്നവർ. അപ്പൻ മെഡിക്കൽ ഫീൽഡിലാണ്. രണ്ടു മക്കൾ. അപ്പന്റെ അഭിപ്രായത്തിൽ മൂത്തവൻ മണ്ടനാണ്. ഇളയവനു കണക്കറിയാം. അതിനാൽ അവൻ മിടുക്കനാണ്. ഈ അപ്പൻ മറ്റൊന്നുകൂടി കണ്ടെത്തി. മൂത്തവൻ ഭാര്യയുടെ കുട്ടിയാണ്. കാരണം, കണക്കറിയില്ല. ഇളയവൻ ഇദ്ദേഹത്തിന്റേതാണ്. കാരണം കണക്കറിയാം! മൂത്തവനെ ലാളിക്കില്ല. മടിയിൽ ഇരുത്തില്ല. കാരണം, അവൻ മണ്ടനാണ്. മെഡിക്കൽഫീൽഡിൽ ഉയർന്ന ഡിഗ്രിയും ഉദ്യോഗവുമുള്ള തന്റെ ഭർത്താവിന് ചെറിയ ഒരു വലിയ പ്രശ്നമുണ്ടെന്നു ഭാര്യയ്ക്കറിയാം. അത് അവർ പുറത്തുപറഞ്ഞാൽ ഭർത്താവ് ഇവരെ വീട്ടിൽനിന്നു പുറത്താക്കും. അതിനാൽ, അവർ മകനെ കണക്കു പഠിപ്പിക്കാനായി പഠിച്ച പണി പതിനെട്ടും നോക്കുന്നു. അങ്ങനെ ഇവർ കൗൺസലിങ്ങിനായി എന്റെയടുക്കൽ എത്തി.

മകന്റെ പ്രശ്നം ഡിസ്കാൽക്കുലിയ. തലച്ചോറിന്റെ ചില പ്രത്യേകതകളുടെ ഫലമായി (ജന്മനാ ഉള്ളതോ, സാഹചര്യവശാൽ ഉണ്ടായതോ ആയവ) ഗണിതശാസ്ത്രം മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടാണ് ഡിസ്കാൽക്കുലിയ. അപ്പൻ നാർസിസ്റ്റ് വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുമുണ്ട്. അവനവന്റെ കഴിവിൽ മതിമറന്ന് മറ്റുള്ളവരെ അടച്ചാക്ഷേപിക്കുന്ന ഒരു തരം വ്യക്തിത്വവൈകല്യമാണിത്. അമ്മ മാനസികാരോഗ്യമുള്ള വ്യക്തിയാകയാൽ മകനിൽ കൗൺസലിങ്ങും പഠനവൈകല്യത്തെ മറികടക്കാനുള്ള വിദ്യകളും ഫലിച്ചു. അവൻ അവരുടെ നാട്ടിലെ അഞ്ചാം ഗ്രേഡ് നല്ല മാർക്കോടെ വിജയിച്ചു. താൻ എല്ലാം തികഞ്ഞവനാണെന്നും മെഡിക്കൽ ഫീൽഡിൽ താൻ അതിബുദ്ധിമാനാണെന്നും അപ്പൻ കരുതുന്നതിനാൽ അദ്ദേഹത്തിന്റെ പ്രശ്നം ഇപ്പോഴും തുടരുന്നു. കുറുന്തോട്ടിക്കു വാതം വന്ന അവസ്ഥ! മകന്റെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടതിനാൽ ഇദ്ദേഹത്തിന്റെ ഭാര്യ കുറച്ചുകൂടി ധൈര്യശാലിയായി. അതിനാൽത്തന്നെ ഭർത്താവ് ഇപ്പോൾ അതിരുവിട്ട പെരുമാറ്റങ്ങൾ വളരെ കുറച്ചിരിക്കുന്നു. ഈ ലേഖനത്തിൽ ഇന്നു നാം ചർച്ച ചെയ്യുന്നത് പഠനവൈകല്യങ്ങളെക്കുറിച്ചാണ്.

**എന്താണ് പഠനവൈകല്യം?**

തലച്ചോറിന്റെ ചില പ്രത്യേകകളാൽ (വൈകല്യങ്ങളാൽ) പഠനമികവോടെ ബൗദ്ധികവിജ്ഞാനം നേടാൻ കഴിയാതെവരുന്ന അവസ്ഥയാണ് പഠനവൈകല്യം. വായിക്കാനുള്ള ബുദ്ധിമുട്ട്, എഴുതാനുള്ള ബുദ്ധിമുട്ട്, ഗണിതശാസ്ത്രസംബന്ധികളായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ബുദ്ധിമുട്ട്, ശരിയായ ശരീരഭാഷ പഠിച്ചെടുക്കാനുള്ള ബുദ്ധിമുട്ട് എന്നിവയെല്ലാം പൊതുവായി പഠനവൈകല്യങ്ങളുടെ ഗണത്തിൽപ്പെടുന്നു.

തലച്ചോറിന്റെ ജന്മനായുള്ള പ്രത്യേകതകൾ, ഗർഭപാത്രത്തിൽവച്ചോ ജനിച്ച സമയത്തോ ജനിച്ചതിനുശേഷമോ തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങൾ, തലച്ചോറിനെ ബാധിക്കുന്ന ചില രോഗങ്ങൾ ഇവയൊക്കെ പഠനവൈകല്യങ്ങളിലേക്കു കുട്ടിയെ നയിക്കാം. കൂടാതെ, കുട്ടിയുടെ പരിസ്ഥിതിയിലെ രാസവസ്തുക്കളുടെ അമിതസ്വാധീനം, പോഷകാംശത്തിന്റെ കുറവ് എന്നിവയും പഠനവൈകല്യത്തിലേക്കു നയിക്കാം.

**പഠനവൈകല്യങ്ങളുടെ ലക്ഷണങ്ങൾ**

പഠനവൈകല്യങ്ങളുടെ പൊതുവായ ലക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

1. എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്.
2. ഓർത്തിരിക്കാനുള്ള ബുദ്ധിമുട്ട്.
3. ഗണിതശാസ്ത്രസംബന്ധിയായ വിഷയങ്ങൾ പഠിക്കാനുള്ള ബുദ്ധിമുട്ട്.
4. സമയവുമായി ബന്ധപ്പെട്ടു വ്യക്തതയില്ലായ്മ.
5. കാര്യങ്ങൾ അടുക്കും ചിട്ടയോടുംകൂടി ചെയ്യാൻ കഴിയായ്ക.
6. നിർദേശങ്ങൾ പാലിക്കാനും ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യാനും കഴിയായ്ക.
7. വികലമായ ശാരീരികചേഷ്ടകൾ.

മേൽസൂചിപ്പിച്ച ലക്ഷണങ്ങളെ കൂടുതലായി വിശകലനം ചെയ്യുമ്പോൾ പേരുകൾ വായിക്കാൻ പറ്റാതെ വരിക, വളരെ സ്പീഡിൽ വായിക്കുക, വായിക്കേണ്ട വാക്കുകൾക്കു പകരം മറ്റു വാക്കുകൾ വായിക്കുക, വളരെ പതുക്കെ വായിക്കുക, ഗണിതശാസ്ത്രത്തിലെ രൂപങ്ങൾ, സാദൃശ്യങ്ങൾ എന്നിവ മനസ്സിലാക്കാൻ കഴിയാതെ വരിക, എഴുതുമ്പോൾ അക്ഷരങ്ങൾ മാറിപ്പോവുക, എഴുതുന്ന രീതി മാറ്റിയെഴുതുക, എഴുതുമ്പോൾ കൈ ശരിയായ രീതിയിൽ പിടിക്കാതിരിക്കുക എന്നിങ്ങനെ അനേകം പ്രശ്നങ്ങൾ കണ്ടെത്താം.

**പഠനവൈകല്യങ്ങളും പരിഹാരമാർഗങ്ങളും**

ലഭ്യമായ കണക്കുകൾപ്രകാരം, ഭാരതത്തിൽ കുട്ടികളിൽ പത്തു ശതമാനത്തിനു പഠനവൈകല്യങ്ങളുണ്ടെന്നു കണ്ടെത്തിയിരിക്കുന്നു. വ്യക്തിപരമായി പഠനവൈകല്യങ്ങൾ ഉണ്ടായിരുന്ന ഒരു കുട്ടിക്കാലമായിരുന്നു എന്റേതും. പതിനേഴു വയസ്സു കഴിഞ്ഞതോടെ എന്റെ പ്രശ്നങ്ങൾക്കു പരിഹാരം ലഭിച്ചുതുടങ്ങി. ഇന്ന് കൗൺസലിങ്ങിനെത്തുന്ന പലരോടും ഞാൻ എന്നെക്കുറിച്ചു പറയാറുണ്ട്. കാരണം, എന്റെ പഠനവൈകല്യങ്ങൾ മാറിയത് സ്വാഭാവികമായിത്തന്നെയാണ്. ഇതു പറയാൻ കാരണം ഒരു വലിയ ശതമാനം മനഃശാസ്ത്രവിദഗ്ധർ പഠനവൈകല്യങ്ങൾ തനിയെ മാറും എന്നു വിശ്വസിക്കുന്നു. എന്നാൽ, ഇന്ന് പഠനവൈകല്യങ്ങളെ നേരത്തേ കണ്ടെത്തുന്നതിനും ഒരളവിൽ പരിഹാരം നേടുന്നതിനും ശാസ്ത്രീയമാർഗങ്ങളുണ്ട്. അവയിൽ ചിലവ ചുവടെ ചേർക്കുന്നു.

**a. പഞ്ചേന്ദ്രിയങ്ങളെ ഉണർത്തുക**

ഈ ഒരു മാർഗത്തിൽ പഠിക്കേണ്ട കാര്യങ്ങൾ ചിത്രം, ശബ്ദം, അനുഭവം, മണം, രുചി എന്നിവയുമായി ബന്ധിപ്പിച്ച് അവരെ പഠിപ്പിക്കുന്നു എന്നതാണ്.

**b. അടിത്തറ ഉറപ്പിക്കൽ പരിശീലനം**

ഈ മാർഗത്തിലൂടെ ഉദ്ദേശിക്കുന്നത് കുട്ടികൾക്കു വഴങ്ങാത്ത കാര്യങ്ങളുടെ അടിത്തറ പഠിപ്പിച്ചുകൊടുക്കുക എന്നതാണ്. ഉദാ: എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് ഗണിതശാസ്ത്രവൈദഗ്ധ്യമുണ്ടെങ്കിൽ അവൻ ചെറുക്ലാസുകളിൽ പഠിക്കേണ്ടിവരുന്ന ഗണിതശാസ്ത്രത്തിന്റെ അടിത്തറ ഇപ്പോൾ ഉണ്ടാക്കിക്കൊടുക്കണം.

**c. കൗൺസലിങ്ങും തെറാപ്പികളും**

പഠനവൈകല്യമുള്ള കുട്ടികളിൽ പഠനം സുഗമമാകാത്തതിന്റെ പേരിൽ പിരിമുറുക്കം അനുഭവപ്പെടാം. ഇതു നിലവിലുള്ള പ്രശ്നങ്ങൾ വർധിക്കാൻ കാരണമാകും. പഠനവൈകല്യവുമായി ബന്ധപ്പെട്ട് ഉടലെടുത്തിരിക്കുന്ന മറ്റു പ്രശ്നങ്ങളെ പരിഹരിക്കാൻ കൗൺസലിങ്ങിലൂടെ സാധിക്കും. ഒപ്പം, പഠനവൈകല്യമുള്ള കുട്ടിയുടെ മാതാപിതാക്കൾക്കുള്ള ബോധവത്കരണവും മാർഗനിർദേശങ്ങളും നൽകുക എന്ന ചുമതലകൂടി കൗൺസലർ ഏറ്റെടുക്കാറുണ്ട്.

മേൽസൂചിപ്പിച്ചവയ്ക്കൊപ്പം താഴെപ്പറയുന്ന ഘടകങ്ങളും പ്രാവർത്തികമാക്കേണ്ടതാണ്.

a. മാതാപിതാക്കളും ടീച്ചേഴ്സും ഒത്തൊരുമിച്ചുള്ള പ്രവർത്തനം.

b. ഇത്തരം കുട്ടികളെ മനസ്സിലാക്കാൻ ടീച്ചേഴ്സിനെ ഒരുക്കുകയും അവരെ പരിശീലിപ്പിക്കാൻ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യുക.


ചുരുക്കത്തിൽ, പഠനവൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കാൻ മാതാപിതാക്കളുടെയും അധ്യാപകരുടെയും കുട്ടിയുമായി ബന്ധപ്പെടുന്ന ഏവരുടെയും വലിയ സഹകരണം ആവശ്യമാണ്. ഇവിടെ ഓർക്കേണ്ട കാര്യം, പഠനവൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ ധൈര്യം കൈവെടിയരുത് എന്നതാണ്. ഇതു സർവസാധാരണമായ ഒരു പ്രശ്നമാകയാൽ അനാവശ്യമായ ആധിയുടെ ആവശ്യമില്ല. പഠനവൈകല്യങ്ങളെ സാധാരണ പ്രശ്നമായിക്കണ്ട് ലോകത്തിലെ വിജയികൾക്കൊക്കെ ഇത്തരത്തിലുള്ളതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ പ്രശ്നങ്ങൾ കുട്ടിക്കാലത്തുണ്ടായിരുന്നു എന്നു മനസ്സിലാക്കി മുമ്പോട്ടു പോവുക. നിങ്ങളുടെ കുട്ടിക്കും വിജയം ഉറപ്പാണ്. ■

---

വായന

## ബാക്കിവന്ന ജീവിതം

ഗ്രന്ഥകർത്താ : കെ. സി. ചന്ദ്രശേഖരൻപിള്ള
പ്രസാധനം : പ്രമദം പബ്ലിക്കേഷൻസ്, ചെങ്ങന്നൂർ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 150




സന്ദർഭോചിതമായി ജീവിതസത്യത്തിലേക്കു വിരൽ ചൂണ്ടാനും വായനക്കാരന്റെ മനസ്സിൽ സാത്വികഭാവങ്ങൾ വിടർത്തിയെടുക്കാനും ഉപകരിക്കുന്ന പ്രതിപാദനരീതി. ഇതിവൃത്തം ഇഴപൊട്ടാതെ നെയ്തെടുക്കുന്നതിലും കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിനു പോറലേല്ക്കാതെ പൂർണതയിലെത്തിക്കുന്നതിലും ഗ്രന്ഥകാരൻ വിജയിച്ചിരിക്കുന്നു.

# ജി 7 ഉച്ചകോടിയിൽ നിർമിതബുദ്ധി തുറന്ന ചർച്ചയ്ക്ക്

(1-ാം പേജ് തുടർച്ച)

2024 ലെ ലോകസമാധാനദിനത്തോടനുബന്ധിച്ച് നിർമിതബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചുമാണ് ഫ്രാൻസീസ് പാപ്പാ ഊന്നിപ്പറഞ്ഞത്. 58-ാമത് ആഗോളമാധ്യമദിനം സംബന്ധിച്ച് 2024 മേയ് 9 ന് ഫ്രാൻസീസ് പാപ്പാ നൽകിയ സന്ദേശം 'നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും സമ്പൂർണമായ മാനുഷിക ആശയവിനിമയത്തിലേക്ക്' എന്നതാണ്. നിർമിതബുദ്ധിയുടെ അവസരങ്ങളും അപകടവും മനുഷ്യത്വത്തിലുള്ള വളർച്ചയും ഈ സന്ദേശത്തിൽ അക്കമിട്ടു പറയുന്നു. ഇവയുടെ തുടർച്ചയായിരിക്കും ജി 7 ഉച്ചകോടിയിലും ഫ്രാൻസീസ് പാപ്പാ പങ്കുവയ്ക്കുന്നത്.


**സ്വതന്ത്രവ്യാപാരം - ഭീകരവാദം**

ലോകവ്യാപാരസംഘടന, ബ്രിക്സ്, ക്വാഡ്, ജി 7, ജി 20, ആസിയാൻ, ആർസിഇപി, ഏഷ്യാപസഫിക് എന്നിങ്ങനെ വിവിധങ്ങളായ രാജ്യാന്തരകൂട്ടായ്മകളും അവയുടെ മന്ത്രിതല ഉദ്യോഗസ്ഥസമ്മേളനങ്ങളും രാഷ്ട്രത്തലവന്മാരുടെ ഉച്ചകോടികളും ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് സ്വതന്ത്രവ്യാപാരമാണ്. തങ്ങളുടെ ഉത്പന്നങ്ങൾക്ക് അതിർവരമ്പുകളും നിയന്ത്രണങ്ങളുമില്ലാത്ത രാജ്യാന്തരവിപണി നേടിയെടുക്കാനും സാമ്പത്തികവളർച്ച കരഗതമാക്കാനുമുള്ള തന്ത്രങ്ങളും വഴികളുമാണ് ഉച്ചകോടിപ്രഖ്യാപനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ജി 7 ലെ അംഗരാജ്യങ്ങളും പ്രധാനമായും ആഗോളവ്യാപാരം വിപണികേന്ദ്രീകൃതമായ ലക്ഷ്യങ്ങളോടെയാണു നടത്തുന്നത്.

വികസനക്കുതിപ്പിനോടൊപ്പം സമാധാനവും സൗഹൃദവും പങ്കുവച്ച് മനുഷ്യരാശിയുടെ വിവിധ തലങ്ങളിലുള്ള വളർച്ചയ്ക്കും മാനുഷികതയ്ക്കും പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള ഹൃദ്യസമീപനത്തിനും ദാരിദ്ര്യോച്ചാടനത്തിനും ആരോഗ്യം, ഭക്ഷണം, പാർപ്പിടം, കുടിയേറ്റങ്ങൾ തുടങ്ങി വിവിധങ്ങളായ സാമൂഹികവിഷയങ്ങൾക്കും ഇത്തരം കൂട്ടായ്മകൾ ക്രിയാത്മകപങ്കുവയ്ക്കലുകളും നടപടികളുമെടുക്കുന്നത് പ്രതീക്ഷയേകുന്നു. ലോകത്തിന്റെ വിവിധ കോണുകളിൽ ജനജീവിതത്തെ വെല്ലുവിളിച്ച് ശക്തിപ്രാപിക്കുന്ന ഭീകരവാദത്തിനെതിരേയും രാജ്യങ്ങൾ തമ്മിലുള്ള യുദ്ധമുഖങ്ങൾക്കെതിരേയും ജി 7 ൽ ചിന്തകളും ചർച്ചകളുമുണ്ടാകും. പശ്ചിമേഷ്യൻരാജ്യങ്ങളിൽ നാളുകളായിത്തുടരുന്ന യുദ്ധഭീഷണിയും ഭീകരവാദ അക്രമങ്ങളും അഭയാർഥിപലായനവും അഭയാർഥികളെ സ്വീകരിച്ചു സംരക്ഷിച്ച യൂറോപ്യൻരാജ്യങ്ങൾ നേരിടുന്ന ഭീകരവാദഭീഷണികളും ഉച്ചകോടികളിൽ ചർച്ചകൾക്കു വരുന്നത് ഏറെ പ്രതീക്ഷാനിർഭരവും ഭാവിയെക്കുറിച്ചു പ്രത്യാശ പകരുന്നതുമാണ്.

**യുക്രെയ്നും കൽക്കരിയും**

യുക്രെയ്ൻ - റഷ്യ യുദ്ധവും 2035 നോടെ കൽക്കരി



ഉപേക്ഷിക്കാനുള്ള കരാറും ജി 7 ന്റെ ജൂൺ ഉച്ചകോടിയിലെ വിഷയങ്ങളാണ്. മരവിപ്പിച്ച റഷ്യൻ ആസ്തികളെക്കുറിച്ച് ഉച്ചകോടി ചർച്ചചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. മരവിപ്പിച്ച റഷ്യൻ ആസ്തികൾ പിടിച്ചെടുക്കാൻ യുക്രെയ്ൻ പാശ്ചാത്യരാജ്യങ്ങളോടാവശ്യപ്പെട്ടെങ്കിലും പല രാജ്യങ്ങളും വിയോജിപ്പു പ്രകടിപ്പിച്ചിട്ടുണ്ട്. റഷ്യ-യുക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ബില്യൺകണക്കിനു യുഎസ് ഡോളറുകളും റഷ്യൻ സെൻട്രൽ ബാങ്ക് ആസ്തികളും യൂറോയും വിവിധ പാശ്ചാത്യബാങ്കുകളിൽ മരവിപ്പിച്ചിട്ടുണ്ട്. ഇതു പ്രധാനമായും ജി 7 അംഗരാജ്യങ്ങളിലും ബെൽജിയം, സ്വിറ്റ്സർലാൻഡ് എന്നിവിടങ്ങളിലുമാണ്. പിടിച്ചെടുക്കലല്ല; മറിച്ച്, മരവിപ്പിച്ച ആസ്തികളിൽനിന്നു ധനസഹായം കണ്ടെത്താനുള്ള മാർഗങ്ങളും അതുവഴി 50 ബില്യൺ ഡോളർ യുക്രെയ്നു കൈമാറാനുള്ള നിർദേശവും ഉച്ചകോടി മുന്നോട്ടുവയ്ക്കാൻ സാധ്യതകളുണ്ട്.

2024 ഏപ്രിൽ 29 ന് ഇറ്റലിയിലെ ടൂറിനിൽ ജി 7 അംഗരാജ്യങ്ങളുടെ പരിസ്ഥിതിമന്ത്രിമാരുടെ സമ്മേളനം കാലാവസ്ഥ, ഊർജം, പരിസ്ഥിതി എന്നിവ സംബന്ധിച്ച് ചില സുപ്രധാന നിർദേശങ്ങൾ രാഷ്ട്രത്തലവന്മാർക്കു സമർപ്പിച്ചിരുന്നു. അതിൽ പ്രധാനമായത് 2035 നോടുകൂടി കൽക്കരി ഉപേക്ഷിക്കുമെന്നതാണ്. കൽക്കരി ഉപയോഗിച്ചുള്ള പ്ലാന്റുകൾ മൊത്തം വൈദ്യുതിയുടെ നാലിലൊന്നിൽ കൂടുതൽ ഉത്പാദിപ്പിക്കുന്ന ജർമനിക്കും ജപ്പാനും ഈ നിർദേശം ഒരു മുന്നറിയിപ്പാണ്. പക്ഷേ, 2038 നോടുകൂടി കൽക്കരി പ്ലാന്റുകൾ അടച്ചുപൂട്ടുമെന്ന് ജർമനി ഇതിനോടകം തീരുമാനിച്ചിട്ടുണ്ട്. രാജ്യങ്ങളുടെ നെറ്റ്-സീറോ പാത്ത്‌വേകൾക്ക് അനുസൃതമായി 1.5 ഡിഗ്രി സെൽഷ്യസ് താപനിലവർധനയുടെ പരിധി നിലനിർത്തുന്നതിന് അനുയോജ്യമായ സമയപരിധിയിൽ കൽക്കരി ഉപയോഗിച്ചു പ്രവർത്തിക്കുന്ന വൈദ്യുതനിലയങ്ങൾ ഘട്ടംഘട്ടമായി നിർത്തലാക്കാനുള്ള പ്രഖ്യാപനം ജി 7 ന്റെ ഇറ്റലി ഉച്ചകോടിയിൽ ഉയർന്നുവരാം.

**ഇന്ത്യയുടെ സാന്നിധ്യം**

ഇന്ത്യയ്ക്ക് ജി 7 ഉച്ചകോടിയിലേക്കു ക്ഷണമുണ്ട്. പ്രത്യേകിച്ച്, ഉച്ചകോടിയുടെ ഔട്ട്റീച്ച് സെഷനുകളിൽ ഇന്ത്യയുടെ സാന്നിധ്യമുണ്ടാകണമെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി നേരിട്ട് അഭ്യർത്ഥിച്ചു. 2024 ജൂൺ 15-16 തീയതികളിൽ സ്വിറ്റ്സർലൻഡിലെ ലൂസെർണിൽ നടക്കുന്ന യുക്രെയ്ൻ സമാധാനസമ്മേളനത്തിലേക്കും ഇന്ത്യയ്ക്കു ക്ഷണമുണ്ട്. 2023 സെപ്തംബറിൽ ഇന്ത്യ ആതിഥേയത്വം വഹിച്ച ജി 20 ഉച്ചകോടിയുടെ സുപ്രധാനഫലങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതു സംബന്ധിച്ച് ജി 7 രാഷ്ട്രങ്ങളും ഉച്ചകോടിയിൽ ചർച്ചചെയ്യുന്നത് ഇന്ത്യയ്ക്കു നേട്ടമാണ്. ലോകത്തിലെ ഏറ്റവും വലിയ വികസിതരാജ്യങ്ങൾ അംഗങ്ങളായ ജി 7 ൽ അംഗമല്ലാതിരുന്നിട്ടും ഇന്ത്യയ്ക്കു ലഭിച്ചിരിക്കുന്ന പ്രത്യേക ക്ഷണം രാജ്യാന്തരസമൂഹത്തിലുള്ള അംഗീകാരവും ഭാവിയിലേക്കുള്ള വലിയസാധ്യതകളുമാണ്. കുതിച്ചുയരുന്ന സമ്പദ്‌വ്യവസ്ഥയുള്ള ജനാധിപത്യരാജ്യത്തിന് ഇന്നുള്ള ആഗോളസ്വീകാര്യതയും ചൈനയെ മറികടക്കാൻ സാധ്യതയുള്ള രാജ്യാന്തരവിപണിയും ഇന്ത്യയുടെ സ്വീകാര്യതയുടെ മറുവശങ്ങളാണ്.

■

## ഫാ. ഡോ. ജയിംസ് മംഗലത്ത് പടിയിറങ്ങി



പാലാ: പ്ലാറ്റിനം ജൂബിലിയുടെ നിറവിലെത്തിനിൽക്കുന്ന പാലാ സെന്റ് തോമസ് കോളജിന്റെ പ്രിൻസിപ്പൽ ഫാ. ഡോ. ജയിംസ് ജോൺ മംഗലത്ത് പടിയിറങ്ങുന്നു.

ഡോ.ജയിംസ് ജോൺ മംഗലത്ത് പ്രിൻസിപ്പലായിരുന്ന കാലത്താണ് കോളജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസും റൂസാ പ്രൊജക്ടും നടപ്പിലാക്കിയത്.

2021 ലെ നാക് അക്രഡിറ്റേഷനിൽ കോളജ് എ പ്ലസ് പ്ലസും തുടർന്ന് 2024 ൽ യുജിസിയിൽനിന്ന് ഓട്ടോണമസ് കോളജ് പദവിയും നേടിയെടുത്തു.

22 വർഷത്തെ സെന്റ് തോമസിലെ അധ്യാപനത്തിനിടയിൽ സിആർ ഹോസ്റ്റൽ അസിസ്റ്റന്റ് വാർഡൻ, വാർഡൻ, ചരിത്രവിഭാഗം തലവൻ, വൈസ് പ്രിൻസിപ്പൽ എന്നീ പദവികൾ വഹിച്ചതിനുശേഷം 2018 ലാണ് ഡോ. ജയിംസ് ജോൺ പ്രിൻസിപ്പലായി നിയമിതനായത്.

സേവ്യർ ബോർഡ് ഓഫ് ഹയർ എജ്യുക്കേഷൻ ഇന്ത്യയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി മെംബറായും കേരള സതേൺ റീജിയന്റെ പ്രസിഡന്റായും കേരള പ്രിൻസിപ്പൽസ് കൗൺസിൽ എക്സിക്യൂട്ടീവ് മെംബറായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ഓൾ കേരള പ്രൈവറ്റ് കോളജ് മാനേജ്മെന്റ് അസോസിയേഷന്റെയും അസോസിയേഷൻ ഓഫ് ചർച്ച് ഹിസ്റ്റോറിയൻസ് ഓഫ് ഇന്ത്യയുടെയും ജോയിന്റ് സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിക്കുന്നു.

## പരിവ്രാജിക

■ ജിജോ ജോസഫ് എൻ.

**വേ**ലുക്കരപ്പള്ളിയിൽ ആണ്ടുവട്ടധ്യാനത്തിലാണ് ക്ലാരമ്മ. വയസ്സ് തൊണ്ണൂറായെങ്കിലും കുർബാന മുടക്കാറില്ല. "കുർബാന കണ്ടില്ലേൽ ഒരു രസവുമില്ലന്നേയ്" പതിവു പല്ലവി.

"നാശം..." വഴിയരികിൽ ആറു മാസക്കാരിയെ ഒക്കത്തിരുത്തി സൈക്കിളിൽ ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിക്കുകയാണവൾ. ചിതറിത്തെറിക്കുന്ന നാണയത്തുട്ടുകൾ... ജീവിതപ്രാരബ്ധത്തിന്റെ ഉന്മാദം... പിടിയൊന്നു വിട്ടാൽ നൂൽപ്പാലം തകരും... ജീവിതവും.



"കാർക്കിച്ചു തുപ്പണം. ഒരഭ്യാസക്കാരി വന്നിരിക്കുന്നു. അഴിഞ്ഞാട്ടക്കാരി... പിച്ചക്കാരി... രാവിലെ കഞ്ഞി ചോദിച്ചുവന്നിരിക്കുന്നു... പെരുവഴിയിലാണോ അവളുടെ പ്രകടനം." ക്ലാരമ്മയ്ക്ക് എന്തൊക്കെയോ നാവിൻതുമ്പത്തു നുരഞ്ഞുപൊന്തി.

പള്ളിയിൽ വന്നാൽ ഒത്ത നടുക്കു കൈവിരിച്ച് ഒറ്റ നില്പാണ്. ക്രൂശിതനെയും നോക്കി. കണ്ണീർത്തുള്ളികൾ ധാരധാരയായി. ക്ലാരമ്മയുടെ കണ്ണുകളിൽനിന്ന്... അവയിങ്ങനെ ഉറവുചാൽപോലെ...

പെട്ടെന്ന് തകരപ്പാത്രത്തിലെ നാണയത്തുട്ടുകൾ പൂത്തിരി കത്തിച്ചതുപോലെ അന്തരീക്ഷത്തിലേക്ക്... തലകീഴായി വലിച്ചുനീട്ടിയ ജീവിതച്ചരടിന്റെ താളം തെറ്റി... തെറിച്ച നാണയത്തുട്ടുകൾ ദേവപുഷ്പവൃഷ്ടിപോലെ അവൾക്കു ചുറ്റും.

നിലതെറ്റിയവൾ നടുവടിച്ച് കനൽ പാകിയ ടാറിൻപുറത്തേക്ക്... എഴുന്നേൽക്കാൻ പറ്റുന്നില്ല. വണ്ടിയുടെ തുടർച്ചയായ ഹോൺ അവളെ അല്പനേരത്തെ ബോധക്കേടിൽനിന്ന് നെഞ്ചുപിളർക്കുന്ന വേദന പൂണ്ട സ്വാർഥതയുടെ ലോകത്തേക്കു കൂട്ടിക്കൊണ്ടുവന്നു. "നാശം... തള്ളേം മകളും..." ക്ലാരമ്മയ്ക്കു ശപിക്കാതിരിക്കാൻ കഴിഞ്ഞില്ല. "കുർബാന മുടക്കാൻ..." ഉറക്കെ ഹോണടിച്ചു കടന്നുപോയ കാറിന്റെ ടയറുകൾക്കടിയിൽപ്പെട്ടു ഞെരിഞ്ഞമരാതിരിക്കാൻ ആ നാടോടി അനാഥയ്ക്കു നന്നേ ക്ലേശിക്കേണ്ടിവന്നു.

വഴിയരികിലുള്ള കുരിശുപള്ളിയിലെ ക്രൂശിതന്റെ കണ്ണുകളിൽനിന്ന് കണ്ണീർത്തുള്ളികളിലൊരെണ്ണം പൊടുന്നനേ അവളുടെ മൂർദ്ധാവിൽ പതിച്ചു. വേദനകൊണ്ടു പുളഞ്ഞ അവളുടേതുപോലെയൊരെണ്ണം.

വേദപുസ്തകത്താളുകളിൽ പതിക്കൊണ്ടിരുന്ന ഏതോ ഒരു കുരുന്നിന്റെ കണ്ണുകൾ ചുക്കിച്ചുളിഞ്ഞ പുസ്തകത്താളിലെ വാക്യങ്ങളിൽ ഉടക്കി.

"ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്നത്."

■

# ഗാന്ധിജിയെ അറിയാത്തവർ ഇന്ത്യക്കാരല്ല



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

"രക്തവും ശരീരവുമുള്ള ഇങ്ങനെയൊരു മനുഷ്യൻ നമ്മുടെയിടയിൽ ജീവിച്ചിരുന്നുവെന്നു പറഞ്ഞാൽ വരുംതലമുറക്കാർ അതു വിശ്വസിച്ചെന്നു വരില്ല" - ആൽബർട്ട് ഐൻസ്റ്റീൻ.

"യേശുക്രിസ്തു ലോകത്തിനു നേർവഴി കാണിച്ചുതന്നു. ആ വഴിക്കു നടക്കാൻ കഴിയുമെന്ന് ഇന്ത്യയിൽ ഗാന്ധിജി തെളിയിച്ചു." - മാർട്ടിൻ ലൂഥർ കിങ്.

''മഹാനായ ഗാന്ധിജി വിശുദ്ധ യോദ്ധാവാണ്'' - നെൽസൺ മണ്ടേല.

"സെയ്ന്റ് ഗാന്ധി: മാൻ ഓഫ് ദി ഇയർ" 1931 ലെ ടൈം മാസികയുടെ ഫീച്ചറിന്റെ തലക്കെട്ട്.

"തലമുറകളായി ഇന്ത്യ രൂപപ്പെടുത്തിയ ഏറ്റവും സ്വാധീനമുള്ള വ്യക്തി ഗാന്ധി" ലണ്ടൻ ടൈംസ് ഗാന്ധിജിയെക്കുറിച്ച് എഴുതി.

"ഗാന്ധി ബാപ്പുജി" - 1944 ൽ കസ്തൂർബായുടെ വിയോഗസമയത്ത് സുഭാഷ് ചന്ദ്രബോസ് സിംഗപ്പൂർ റേഡിയോ സന്ദേശത്തിൽ ഗാന്ധിയെ വിളിച്ച പേര് - ബാപ്പുജി. പിതാവ് എന്നാണ് ഈ വാക്കിനർഥം. ഗാന്ധിജി രാഷ്ട്രപിതാവായത് ഇങ്ങനെയാണ്.

1982 ൽ ബ്രിട്ടീഷ് സംവിധായകൻ റിച്ചാർഡ് ആറ്റൻബറോ 'ഗാന്ധി' സിനിമ ഇറക്കുന്നതുവരെ ലോകം ഗാന്ധിയെ അറിഞ്ഞിരുന്നില്ലെന്നു പ്രധാനമന്ത്രി മോദി കഴിഞ്ഞദിവസം പറഞ്ഞത് വലിയ വിവാദമായി. എന്തു നേട്ടത്തിനുവേണ്ടിയാണ് ആ പ്രസ്താവന ഇറക്കിയതെങ്കിലും അതു ശുദ്ധ അസംബന്ധമാണ്; ഭാരതീയർക്ക് അപമാനകരമാണ്. വിഖ്യാതരായ ലോകനേതാക്കന്മാർ ഗാന്ധിജിയെ എത്ര ആദരവോടെയാണ് അനുസ്മരിച്ചതെന്ന് ഈ കുറിപ്പിന്റെ ആരംഭത്തിൽ നാം കണ്ടു. ഗാന്ധിജി ജീവിക്കുന്നത് സിനിമയിലോ ചിത്രങ്ങളിലോ പ്രതിമകളിലോ സർക്കാർ അച്ചടിക്കുന്ന കറൻസിനോട്ടുകളിലോ അല്ല ജനകോടികളുടെ ഹൃദയങ്ങളിലാണ്. 70 ലധികം ലോകരാഷ്ട്രങ്ങളിൽ ഗാന്ധിജിയുടെ സ്മൃതിമണ്ഡപങ്ങൾ ഉയർന്നിട്ടുണ്ട്.

സമാധാനത്തിനുള്ള നൊബേൽ സമ്മാനം ഗാന്ധിജിക്കു ലഭിച്ചിട്ടില്ലെങ്കിലും, അഞ്ചുതവണ അതിനു നാമനിർദേശം ചെയ്യപ്പെട്ട പേരാണ് ഗാന്ധിജിയുടേത്. അദ്ദേഹത്തെ ഇന്ത്യാക്കാരനായ പ്രധാനമന്ത്രി വിലകുറച്ചു കണ്ടത് അദ്ദേഹത്തിന്റെ അജ്ഞതകൊണ്ടാണെന്നു കരുതാനാവില്ല. മോദിയും ഗാന്ധിജിയും ഒരേ നാട്ടുകാരാണ് - ഗുജറാത്തികൾ. പ്രധാനമന്ത്രിക്ക് കുത്തക മുതലാളിമാരായ ഗുജറാത്തികളെ മാത്രമേ അറിയാവൂ എന്നുണ്ടോ? ഗുജറാത്തികളായ അംബാനിയും അദാനിയുമായുള്ള പ്രധാനമന്ത്രിയുടെ കൂട്ടുകെട്ട് നാട്ടിൽ പാട്ടാണ്.



ഗാന്ധിജി ജനഹൃദയങ്ങളിൽ പ്രതിഷ്ഠനേടിയത് സാത്വികനായ ഒരു ജനസേവകൻ എന്ന നിലയിലായിരുന്നു. അഹിംസാസിദ്ധാന്തത്തിലടിയുറച്ച ജീവിതദർശനവും സമരമുറകളുമാണ് ഗാന്ധിജിയെ ലോകനേതാക്കളിൽനിന്നു വ്യത്യസ്തനാക്കിയത്. രക്തരഹിതസമരമാർഗങ്ങളിലൂടെ ഗാന്ധിയുടെ നേതൃത്വത്തിൽ സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ്സാമ്രാജ്യത്തിൽനിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുത്തു. ഇന്നത്തെ നേതാക്കന്മാരെപ്പോലെ ഗാന്ധിജിക്ക് അധികാരക്കൊതി ഉണ്ടായിരുന്നില്ല. അധികാരക്കൈമാറ്റത്തെക്കുറിച്ചു ഡൽഹിയിൽ ചർച്ച നടക്കുമ്പോൾ ഗാന്ധിജി അവിടെയുണ്ടായിരുന്നില്ല. പശ്ചിമബംഗാളിലെ നവഖാലിയിൽ ഹിന്ദു-മുസ്ലീം ലഹള നടന്നിരുന്ന സമയമായതുകൊണ്ട് അവരെ രമ്യപ്പെടുത്താനും അവിടെ ക്രമസമാധാനനില ഉറപ്പാക്കാനും വേണ്ടി ഗാന്ധിജി അവരുടെ ഇടയിൽ സ്നേഹസന്ദേശം പരത്തുകയായിരുന്നു. ഗാന്ധിജിയുടെ പിൻമുറക്കാർ ഗാന്ധിയൻദർശനങ്ങളെ പിന്തുടർന്നുവോ എന്നു സംശയമാണ്. ഭിന്നിപ്പിന്റെ വിത്തുവിതച്ച് അധികാരസ്ഥാനങ്ങൾ കൊയ്തെടുക്കുന്നവർ ഗാന്ധിജിയെ ഒറ്റുകൊടുക്കുന്നവരത്രേ.

ഋഷിതുല്യനായി ജീവിച്ച ഗാന്ധിജി യഥാർഥ ഇന്ത്യക്കാരനും പാവപ്പെട്ടവരുടെ പ്രതിനിധിയുമായിരുന്നു. പാവപ്പെട്ടവന്റെ വേഷം ധരിച്ചു ഫക്കീറിനെപ്പോലെ ജീവിച്ച ഗാന്ധിയോടു പത്രക്കാർ അന്വേഷിച്ചു: എന്തുകൊണ്ടാണ് ഇത്രയും ലളിതമായ വസ്ത്രധാരണം? അതിന് ഗാന്ധിജി നൽകിയ ഉത്തരം, ലക്ഷങ്ങളുടെ ആടയാഭരണങ്ങളിൽ വിഭൂഷിതരായി വേദികളിലെത്തുന്ന ആധുനിക നേതാക്കന്മാരുടെ കാതുകളിൽ ഇടിമുഴക്കം സൃഷ്ടിക്കേണ്ടതാണ്. ഗാന്ധിജി പറഞ്ഞു: ഇന്ത്യയിലെ ഏറ്റവും പാവപ്പെട്ടവർ എന്നു വിലകൂടിയ നല്ല വസ്ത്രങ്ങൾ ധരിക്കുന്നുവോ അന്നുമാത്രമായിരിക്കും ഞാൻ അത്തരം വസ്ത്രങ്ങൾ ധരിക്കുക. പാവപ്പെട്ടവരോടു താദാത്മ്യം പ്രാപിക്കുന്ന നേതാവിനെയാണ് ഗാന്ധിജിയിൽ ലോകം കണ്ടത്. ഗാന്ധിജിയുടെ മോടി ബാഹ്യപൊലിമയിലായിരുന്നില്ല, ആന്തരികസൗന്ദര്യത്തിലായിരുന്നു. അതുകൊണ്ടാണ് നാഥുറാം ഗോഡ്സെ എന്ന മതതീവ്രവാദിയുടെ വെടിയേറ്റു മരിച്ചിട്ടും കാലം അദ്ദേഹത്തെ മരണമില്ലാത്തവനായി കാത്തുസൂക്ഷിക്കുന്നത്.

പ്രധാനമന്ത്രി മോദി ഗാന്ധിജിയെക്കുറിച്ചു വിവാദപരാമർശം നടത്തിയത് ഗാന്ധിജിയെ അറിയാത്തതുകൊണ്ടോ അദ്ദേഹത്തോടുള്ള അവജ്ഞകൊണ്ടോ ആണെന്നു കരുതാനാവില്ല. തിരഞ്ഞെടുപ്പുസമയത്തെ ഈ പ്രസ്താവനയ്ക്കു രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്നുറപ്പ്. കോൺഗ്രസിനെ കുറ്റപ്പെടുത്തുക; പ്രധാനപ്പെട്ട ജനകീയവിഷയങ്ങളിൽനിന്നു ജനശ്രദ്ധയും മാധ്യമശ്രദ്ധയും തിരിക്കുക. പക്ഷേ, അതു തിരിച്ചടിയായി.

■

ശ്രേഷ്ഠമലയാളം

# വർണവും അക്ഷരവും



ഡോ. ഡേവിസ് സേവ്യർ

മലയാളത്തിലെ ഉച്ചരിതശബ്ദങ്ങളുടെ പഠനത്തിൽ ഉയർന്നുവരുന്ന രണ്ടു പദങ്ങളാണ് വർണവും അക്ഷരവും. ഭാഷയുടെ അടിസ്ഥാനമൂലകങ്ങളായ ധ്വനികളാണ് വർണങ്ങൾ. അവയെ വിഭജിക്കാനാവില്ല. വർണങ്ങൾക്ക് അർഥമില്ലെങ്കിലും അർഥവ്യാവർത്തനശേഷിയുണ്ട്. ശിശു എന്ന പദത്തിന്റെ അടിസ്ഥാനം ശ്+ഇ+ശ്+ഉ എന്നീ നാലു വർണങ്ങളാണ്. ഈ വർണങ്ങളുടെ ക്രമികമായ സംവിധാനംകൊണ്ട് ശിശു എന്ന പദത്തിനു കുട്ടി എന്ന അർഥം ലഭ്യമാകുന്നു. ഉച്ചരിക്കുന്നതിനും എഴുതുന്നതിനും വർണങ്ങളുടെ സഹായം ആവശ്യമുണ്ട്. ശിശു എന്ന പദത്തിൽ നാലു വർണങ്ങൾ ഉണ്ട് എന്നു സൂചിപ്പിച്ചല്ലോ! എന്നാൽ, ഈ വർണങ്ങളല്ല ഉച്ചരിക്കപ്പെടുന്നത്. ഇവ ചേർന്നുവരുന്ന ശി-ശു എന്നീ രണ്ട് അടയാളങ്ങളാണ് ശബ്ദരൂപേണ പുറപ്പെടുവിക്കുന്നത്. ശ്+ഇ+ശ്+ഉ എന്നീ നാലുവർണങ്ങളും ഉച്ചരിക്കുന്ന വേഗംകൊണ്ട് ധ്വനികളെ വേർതിരിച്ച് അറിയുന്നില്ല എന്നേയുള്ളൂ. 'വാക്കുകളെ ഉച്ചരിച്ചാൽ കേൾക്കാവുന്ന അതിസൂക്ഷ്മവും അവിഭാജ്യവുമായ ഒറ്റശബ്ദമാകുന്നു ധ്വനി'* എന്നാണ് വർണത്തെ എം. ശേഷഗിരി പ്രഭു നിർവചിച്ചത്. അതായത്, വായിൽനിന്നു പുറപ്പെടുന്ന ഒറ്റധ്വനിയത്രേ വർണം.

സമപ്രധാനമായ (ശി-ശു) അടയാളങ്ങളാണ് അക്ഷരങ്ങൾ. പദാംഗം (Syllable) എന്നും അക്ഷരത്തിന് നാമാന്തരമുണ്ട്. "അശ്നുതേ വ്യാപ്നോതി പദേഷു അക്ഷരം (പദങ്ങളിൽ വ്യാപിക്കുന്നത് അക്ഷരം) ന ക്ഷീയതേ അക്ഷരം ഭവതി (ക്ഷയം സംഭവിക്കാത്തത് അക്ഷരമാകുന്നു) അക്ഷരം ന ക്ഷരം (ക്ഷരം അല്ലാത്തത് അക്ഷരം)** എന്നെല്ലാം അക്ഷരശബ്ദത്തെ പലവിധം നിഷ്പാദിപ്പിക്കാം. നാരായണൻ എന്ന സംജ്ഞയിൽ ന്+ആ+ര്+ആ+യ്+അ+ണ്+അ+ൻ(ന് - ൻ വർണമാണ്) എന്ന് ഒമ്പതു വർണങ്ങൾ ഉണ്ട്. എന്നാൽ, അക്ഷരങ്ങൾ നാലേയുള്ളൂ. ഇതത്രേ വർണങ്ങളും അക്ഷരങ്ങളും തമ്മിലുള്ള ഭേദം. സ്വരങ്ങൾ എല്ലാം വർണങ്ങളും അക്ഷരങ്ങളുമാണ്. വിഭജിക്കാനാവാത്ത മൂലാക്ഷരം എന്ന നിലയിൽ സ്വരങ്ങൾക്കു വർണപദവിയും ഉണ്ട്. പദങ്ങളുടെ ഘടകമെന്ന നിലയിൽ അവ അക്ഷരങ്ങളുമാകുന്നു. അങ്ങനെയെങ്കിൽ സ്വരമോ സ്വരം ചേർന്ന വ്യഞ്ജനമോ ആണ് അക്ഷരം എന്നു പറഞ്ഞാൽ കാര്യം എളുപ്പം മനസ്സിലാകും.

| | ഘടന | ഉദാ | ഘടന | ഉദാ | ഘടന | ഉദാ |
|---|---|---|---|---|---|---|
| 1. | സ്വരം | അ | സ്വരം+ വ്യഞ്ജനം | ആം | വ്യഞ്ജനം+ സ്വരം+ വ്യഞ്ജനം | രാം |
| 2. | സ്വരം + സ്വരം | ആ | വ്യഞ്ജനം+ സ്വരം | കാ, കൈ | വ്യഞ്ജനം+ വ്യഞ്ജനം+ സ്വരം | ക്ര |
| 3. | സ്വരം + വ്യഞ്ജനം | അം | വ്യഞ്ജനം+ സ്വരം+ വ്യഞ്ജനം | കം | | |

ഒരു മാതൃകാ അക്ഷരത്തിൽ മൂന്നുഘടകങ്ങൾ ഉണ്ടായിരിക്കും. അക്ഷരത്തിന്റെ കേന്ദ്രം (Nucleus) അഥവാ ശൃംഗം (Peak) ഒരു സ്വരമായിരിക്കും. കേന്ദ്രത്തിനു മുമ്പും പിമ്പും ഒന്നോ ഒന്നിലധികമോ വ്യഞ്ജനങ്ങൾ ഉണ്ടാവും. കേന്ദ്രത്തിനു മുമ്പും പിമ്പുമുള്ള വ്യഞ്ജനങ്ങളെ യഥാക്രമം പ്രാരംഭകം (Onset) എന്നും സമാപകം (Coda) എന്നും പറയാം. (പ്രാരംഭകം+കേന്ദ്രം+സമാപകം) ഈ ഘടന പ്രാസം (Rhyme) എന്നറിയപ്പെടുന്നു.

ചുരുക്കിപ്പറയട്ടെ, "മുന്നിലും പിന്നിലും വ്യഞ്ജനമോ വ്യഞ്ജനങ്ങളോ വരാവുന്ന സ്വരമാണ് അക്ഷരം അഥവാ സിലബിൾ എന്നു ഭാഷാശസ്ത്രവും, അക്ഷരത്തിൽ സ്വരമൊന്ന്/ നിത്യമായിട്ടു കണ്ടിടും/ വ്യഞ്ജനങ്ങളതിൻമുമ്പും/ പിമ്പും ചേരും യഥോചിതം" എന്നു വ്യാകരണവും അക്ഷരത്തെ നിർവചിക്കുന്നു. മലയാളത്തിന്റെ വർണമാലയിൽ (അക്ഷരമാലയിൽ അല്ല) 49 വർണങ്ങളും അനേകം അക്ഷരങ്ങളും ഉണ്ട് എന്നു കരുതുന്നതാണ് ആശയവ്യക്തതയ്ക്കു നല്ലത്.


* ശേഷഗിരിപ്രഭു, എം., വ്യാകരണമിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2003, പുറം-29.
* രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം-2
*പ്രബോധചന്ദ്രൻനായർ, വി. ആർ., ഭാഷാശാസ്ത്രനിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പുറം-887, 888.
* നമ്പൂതിരി, ഇ.വി.എൻ., കേരളഭാഷാവ്യാകരണം, ഡി. സി.ബുക്സ്, കോട്ടയം, 2005, പുറം - 34.

ഉന്നതരെല്ലാവരും വിശ്രമിക്കുമ്പോൾ അടിമകൾ ഇങ്ങനെ ആഹ്ലാദിക്കുന്നു. ഒരാഴ്ചയോളമായി നഗരത്തിനു നഷ്ടമായതു തിരിച്ചുകിട്ടുന്ന ദിവസമാണന്ന്.

അങ്ങനെയൊരു ദിവസം.

പാതിയിരുട്ടിലൂടെ വേഗത്തിൽ ആരോ നടക്കുന്നുണ്ട്. കൊട്ടാരത്തിൽനിന്ന് മൊർദെക്കായിയുടെ വീട്ടിലേക്കുള്ള യാത്രയാണ്. ആജാനുബാഹുവായ ഒരാൾ.

കരിവീട്ടിപോലെ കടഞ്ഞെടുത്ത ശരീരം.

ആരെയും കൂസാത്ത പ്രകൃതം.

ഷാസ്ഗസാണ്. കൊട്ടാരം അന്തഃപുരവിചാരിപ്പുകാരിൽ പ്രധാനിയായ ഷണ്ഡൻ.

ഇപ്പോൾ പല കാര്യങ്ങളും രാജ്ഞി ഇവനെ ഏല്പിക്കുന്നു. ഹാഗായിക്കും ഹാഥാക്കിനും മറ്റു പല പ്രധാന ജോലികളുമുണ്ട്.

ഷാസ്ഗസിന് രാജ്ഞിയുടെ ദൂതനായിപ്പോകുന്നതിൽ സന്തോഷമേയുള്ളൂ. രാജ്ഞി അത്ര ഹൃദ്യമായിട്ടാണ് അവനോടു പെരുമാറുന്നത്. ഒരിക്കലും ഒരടിമയോടെന്നപോലെയല്ല.

അവൻ നടന്ന് തെരുവിന്റെ ആളൊഴിഞ്ഞ മൂലയിൽ എത്തി. അപ്പോൾ അവിടെ പതിയിരിക്കുന്ന ഒരുത്തനെക്കണ്ടു.

"എന്താടാ ഇവിടെ?"

അവൻ ഗൗരവത്തോടെ ചോദിച്ചു.

"നീയാരാ?"

എന്നു ചോദിച്ചുകൊണ്ട് പതുങ്ങിയിരുന്നവൻ ചാടിയെഴുന്നേറ്റ് വാൾവീശി.

പൊടുന്നനേ ഇപ്രകാരമുള്ളൊരു ആക്രമണം ഷാസ്ഗസ് പ്രതീക്ഷിച്ചിരുന്നില്ല. ശത്രുവിന്റെ മിന്നലാട്ടങ്ങളിൽനിന്ന് അവൻ അതിവിദഗ്ധമായി തെന്നിമാറി. ഉദേശിച്ചിടത്തു ചെന്നെത്താത്തതിനാൽ വാൾക്കാരൻ മുന്നോട്ടു വേച്ചു കുനിഞ്ഞുപോയി.

ആ ഒരൊറ്റനിമിഷംകൊണ്ട് ഷാസ്ഗസ് അരയിലിരുന്ന കഠാര വലിച്ചൂരി അവന്റെ പുറത്തു കുത്തിത്താഴ്ത്തി.

പിടഞ്ഞുവീഴുന്നതിനിടയിൽ അവൻ രഹസ്യഭാഷയിൽ എന്തോ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

അതു കേൾക്കേണ്ട താമസം കാഹളമൂതിക്കൊണ്ട് അലറുന്ന വന്യജീവികളെപ്പോലെ കുറെയധികംപേർ അങ്ങോട്ടു പാഞ്ഞുവന്നു.

അവർ ഷാസ്ഗസിനോട് ഏറ്റുമുട്ടി. വിദഗ്ധമായി ഒഴിഞ്ഞുമാറിയും കൈയിലുള്ള ആയുധംകൊണ്ട് മറ്റുള്ളവരെ തടുത്തും കുറെയധികംനേരം അവൻ അക്രമിസംഘത്തെ നേരിട്ടു.

എന്നാൽ, അവസാനം വെട്ടേറ്റുനിലത്തുവീണു.

വീഞ്ഞുകടയിലും തെരുവിൽ അങ്ങിങ്ങായും നില്ക്കുന്നവർ ശബ്ദംകേട്ട ദിക്കിലേക്ക് ഓടിയെത്തി. അലർച്ചയും ആക്രോശവും കരച്ചിലുമെല്ലാം ഇടകലർന്ന കോലാഹലമെന്താണെന്ന് അവരറിഞ്ഞില്ല.

ആളുകൾ എത്തുമ്പോഴേക്കും എതിരാളികൾ ഇരുളിൽ മറഞ്ഞിരുന്നു. അവിടെ വെട്ടേറ്റ് മരണാസന്നനായി ഷാസ്ഗസ് കിടക്കുന്നത് അവർ കണ്ടു.

അയാളുടെ ബോധമറ്റുപോയി. അതിനാൽ, ആരെന്നോ എന്തെന്നോ ചോദിച്ചറിയാൻ നിവൃത്തിയില്ല. ഇരുളിൽനിന്ന് വ്യാഘ്രത്തെപ്പോലെ ചാടിവീഴാൻ ഇനിയും ആരെങ്കിലുമുണ്ടോ എന്ന പേടിനിറഞ്ഞ കണ്ണുകളോടെയാണ് വന്നുചേർന്നവർ ആപത്തിലായവനെ എടുത്തത്.

ഇത് അപകടകരമായ ഭീകരതയാണ്.

എന്നാലും ഈ വെട്ടേറ്റു കിടക്കുന്നതൊരു മനുഷ്യനല്ലേ?

എത്രയുംവേഗം ഏതെങ്കിലും വൈദ്യന്റെ വീട്ടിലെത്തിക്കണം. ഒരുപക്ഷേ, രക്ഷപ്പെട്ടെങ്കിലോ!

എടുത്തുകൊണ്ടു മൂന്നുനാലടി നടന്നതില്ല. അപ്പോഴതാ വേറൊരാളുംകൂടെ തൊട്ടപ്പുറത്ത് വീണുകിടക്കുന്നു. അയാളുടെ ബോധം പോയിട്ടില്ല. അയാളെയും അവർ ചുമലിലേറ്റി.

എങ്ങനെയോ ആരെല്ലാമോ പറഞ്ഞ് കൊട്ടാരത്തിൽ വാർത്തയെത്തി. പട്ടാളക്കാർ പാഞ്ഞെത്തി. രാജദൂതനെ വെട്ടിവീഴ്ത്തിയവരാരാണ്?

ആർക്കാണിതിനു ധൈര്യമുണ്ടായത്?

അവർ വൈദ്യന്റെ വീട്ടിലേക്കു കുതിച്ചുചെന്നു. അപ്പോഴേക്കും ചോരവാർന്ന് ഷാസ്ഗസ് മരിച്ചു പോയിരുന്നു.

പരിക്കുപറ്റിക്കിടന്ന അപരൻ പട്ടാളക്കാരുടെ മേൽനോട്ടത്തിലായി. അവനെയാണ് ഷാസ്ഗസ് കുത്തിവീഴ്ത്തിയത്.

ചോദ്യഭേദ്യങ്ങളിലൂടെ സംഘത്തെ തിരിച്ചറിഞ്ഞു.

മൊർദെക്കായിയും സൈനികമേധാവിയും ഇക്കാര്യം രാജാവിനോടുണർത്തിച്ചു.

"വീണ്ടും കലാപലക്ഷണങ്ങൾ കാണുന്നുണ്ട് മഹാരാജൻ."

മൊർദെക്കായി വെളിപ്പെടുത്തി.

"എന്താണു നാമീ കേൾക്കുന്നത്!"

മഹാരാജൻ സൈന്യാധിപനോടു തിരക്കി.

സൈന്യാധിപൻ നടന്ന കാര്യങ്ങൾ വിശദീകരിച്ചു.

പ്രത്യേക ദൂതനായിരുന്ന ഷാസ്ഗസിന്റെ വധവാർത്തകേട്ട് രാജാവ് അസ്വസ്ഥനായി.

ഒറ്റപ്പെട്ടതാണെങ്കിലും ഈ ആക്രമണം രാജ്യത്തിനുനേരേയുള്ളതെന്നുതന്നെയാണ് രാജാവു കരുതിയത്. എല്ലാ സൈനികഘടകങ്ങളോടും ജാഗരൂകരായിരിക്കാൻ കല്പിച്ചു.

യഹൂദർക്കുനേരേ തിരിഞ്ഞവർ രാജ്യത്തിനുനേരേയും തിരിഞ്ഞിട്ടുണ്ട്.

ഗർഭഭാരക്ഷീണിതയെങ്കിലും എസ്തേറിന്റെ രക്തവും തിളച്ചു.

നോറ്റ നോമ്പുകൾക്കും അനുഭവിച്ച കഷ്ടതകൾക്കുംമേൽ മറ്റൊരു ദുരന്തം വന്നുചേരരുത് എന്നവൾ ആഗ്രഹിച്ചു.

പുതിയ രാജശാസനത്തോട് എല്ലാ സാമന്തരാജാക്കന്മാരും പ്രവിശ്യത്തലവന്മാരും നാടുവാഴികളും അനുകൂലനിലപാടിലാണ്.

യഹൂദജനതയോടുള്ള താത്പര്യത്തെക്കാൾ കൂടുതൽ പ്രധാനസചിവന്റെ ഔന്നത്യമാണ് അവരെ അതിനു പ്രേരിപ്പിച്ചത്.

അവന്റെ കീർത്തി എല്ലാ പ്രവിശ്യകളിലും വ്യാപിച്ചിരുന്നു. മൊർദെക്കായി കൂടുതൽക്കൂടുതൽ ശക്തനായിത്തീർന്നു.

മഹാരാജ്ഞിയുടെ അധികാരബലവും ഭരണസ്വാധീനവും അവർക്കു മനസ്സിലായിട്ടുണ്ട്. അതും യഹൂദജനങ്ങളെ സഹായിക്കാനും അവരോടു സൗഹൃദം വർദ്ധിപ്പിക്കാനും അധികാരസ്ഥാനത്തുള്ളവർക്കു പ്രചോദനമായി.

നോവൽ 29

പാപ്പച്ചൻ കടമക്കുടി

# ചക്രവർത്തിനി

ആദാർ പതിമ്മൂന്നു വന്നെത്തി.

അന്ന് രാജാവിന്റെ കല്പനയും വിളംബരവും നിർവഹിക്കപ്പെടേണ്ട ദിവസമാണ്.

പേർഷ്യയിലുള്ള എല്ലാ യഹൂദരെയും വധിക്കാൻ ഹാമാന്റെ ദുഷ്ടോപദേശത്താൽ സാധിക്കുമെന്നു ശത്രുജനങ്ങൾ പ്രതീക്ഷിച്ചിരുന്ന ദിവസം. മക്കദോനീയക്കാരുടെ സ്വപ്നം നിറവേറേണ്ട ദിവസം.

പക്ഷേ, വിധിവശാൽ നിയമം കീഴ്മേൽ മറിഞ്ഞു.



ആദ്യത്തെ കരിനിയമം നിർജീവമാക്കപ്പെടുകയും ആ സ്ഥാനത്തു പുതിയതു പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

അങ്ങനെ യഹൂദജനത്തിന് ഈ ദിവസം വിജയദിനമായി മാറി. അഹസ്വേരൂസിന്റെ എല്ലാ പ്രവിശ്യകളിലുമുള്ള നഗരങ്ങളിൽ യഹൂദർ ഒന്നിച്ചുകൂടി. അവർക്കു നാശം വിധിക്കാൻ ആഗ്രഹിച്ചിരുന്നവരെ ആയുധബലത്തോടെ എതിർത്തു. തങ്ങളെ വെറുത്തിരുന്നവരോട് ഇഷ്ടമുള്ളതെല്ലാം ചെയ്തു. രാജ്യാധികാരത്തിന്റെ പിൻബലമുള്ള യഹൂദരോടെതിർത്തുനില്ക്കാൻ ശത്രുക്കൾക്കു കഴിഞ്ഞില്ല.

തലസ്ഥാനമായ സൂസായിൽത്തന്നെ അഞ്ഞൂറിലേറെപ്പേരാണ് വാളിനിരയായത്.

വാർത്തകളെല്ലാം അറിഞ്ഞിട്ടും എസ്തേറിന്റെ മുഖംതെളിഞ്ഞില്ല. ഷാസ്ഗാസിന്റെ മരണം അവളെ അത്രകണ്ട് കോപാകുലയാക്കിയിരുന്നു.

സുഖവിവരം തേടിയെത്തിയ രാജാവിനെ മേഘംമൂടിയ ആകാശംപോലുള്ള മുഖത്തോടെയാണ് രാജ്ഞി എതിരേറ്റത്.

"എന്തേ എസ്തേർ നിനക്കെന്തുപറ്റി? സുഖമല്ലേ?"

"പിന്നെ, എനിക്കാണല്ലോ ഇപ്പോൾ ഏറ്റവും വലിയ സുഖം."

എസ്തേറിന്റെ കടുപ്പമേറിയ വാക്കുകൾ രാജാവിനെ നൊമ്പരപ്പെടുത്തി. അദ്ദേഹം അവളോടു ചേർന്നിരുന്നു. റാണിയുടെ വലതുകൈ മെല്ലെ തന്റെ കൈയിൽ ചേർത്തുപിടിച്ചിട്ട് ചോദിച്ചു:

"എന്നോടു പറയൂ. എല്ലാ കാര്യത്തിനും ഞാൻ വഴിയുണ്ടാക്കാം. നീ സങ്കടപ്പെടരുത്."

അവൾ അവനെ ദയനീയമായി നോക്കി.

"എന്റെ ജനങ്ങൾ..."

എസ്തേർ അറിയാതെ തേങ്ങിപ്പോയി.

"ഹാമാനെയും മക്കളെയും നാം വധിച്ചില്ലേ?"

"നമ്മുടെ തലസ്ഥാനനഗരത്തിൽ മാത്രം അഞ്ഞൂറിലേറെ ശത്രുക്കൾ ഇന്ന് വധിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ ഇങ്ങനെയെങ്കിൽ നമ്മുടെ എല്ലാ പ്രവിശ്യകളിലും യഹൂദർ അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടാവില്ലേ? പിന്നെന്തിനാണിങ്ങനെ എസ്തേർ?"

കരുണവഴിയുന്ന സ്വരത്തിലാണ് രാജാവു ചോദിക്കുന്നത്. അദ്ദേഹത്തിന്റെ ഹൃദയം റാണിയുടെ മുന്നിൽ അലിഞ്ഞുപോയി. എസ്തേറിന്റെ മനസ്സിനെ അലട്ടുന്ന പ്രശ്നങ്ങൾ അല്പംപോലും ഉണ്ടാകരുതെന്നാണ് അദ്ദേഹത്തിന്റെ താത്പര്യം. പോരെങ്കിൽ അവളിപ്പോൾ അമ്മയാണ്.

രാജ്ഞി അദ്ദേഹത്തോടു ചിരിച്ചു.

"എങ്കിൽ യഹൂദർക്ക് ഇന്നത്തെ സ്വാതന്ത്ര്യം നാളെയും കൊടുക്കണം. ഓടിരക്ഷപ്പെട്ട ശത്രുക്കളെ തിരഞ്ഞുപിടിച്ചു വധിക്കട്ടെ."

അവൾ അപേക്ഷിച്ചു.

രാജാവിന് അക്കാര്യത്തിൽ രണ്ടഭിപ്രായമുണ്ടായിരുന്നില്ല.

നമ്മുടെ രാജ്ഞിയുടെ ഇഷ്ടമാണ് നമ്മുടെ ഇഷ്ടം.

അതുകേട്ടു നദിപോലെ അവൾ ഇളകി. ഇക്കിളികൂട്ടിയതുപോലെ പൊട്ടിച്ചിരിച്ചു.

മഴവില്ലുപോലെ രാജാവിന്റെ മാറിലേക്കു ചാഞ്ഞു.

വളർന്നുതുടങ്ങിയ അവളുടെ വയർ മെല്ലെ മൃദുലമായി തടവിക്കൊണ്ട് രാജാവു പറഞ്ഞു:

"രാജകുമാരൻ വരവായി."

രാജാവിനോട് ഒന്നുകൂടെ ചേർന്നിരുന്നശേഷം എസ്തേർ കാതിലൂടെ ഒഴുകി, ഥാരി മോൻ.

"നിന്നെപ്പോലെ അഴകോടെ, നമ്മെപ്പോലെ ധീരനായി കുഞ്ഞുദാരിയൂസ് ഈ കൊട്ടാരവും നമ്മുടെ മനസ്സും ലോകവും കീഴടക്കും."

ഇങ്ങനെ ലോകത്തിലെല്ലാ ദമ്പതിമാരും കാണുന്നതും പറയുന്നതുമെല്ലാം അവർ പരസ്പരം കൈമാറി. മണിയറ അന്നേരമെല്ലാം സ്വർഗമായിമാറി.

രാജാവിന്റെ സമ്മതം റാണി പ്രധാനമന്ത്രിയെ അറിയിച്ചു, പതിമ്മൂന്നാം തീയതി ശത്രുക്കളോടെങ്ങനെയോ അപ്രകാരം തന്നെ പതിന്നാലാം തിയതിയിലും യഹൂദർ പ്രവർത്തിച്ചു.

ആദാർമാസം കഴിഞ്ഞ ഒരു വർഷത്തോളമായി യഹൂദഹൃദയങ്ങളെ എരിയിച്ച ഭീതിയായിരുന്നു. പ്രത്യേകിച്ചും ആദാർ പതിമൂന്നാംതിയതി. പക്ഷേ, എല്ലാം മാറിമറിഞ്ഞു. വർഷങ്ങളായി മനസ്സിൽ ചളിച്ചുകിടന്നിരുന്ന പേടി എത്ര പെട്ടെന്നാണ് ഇല്ലാതായത്?

പേർഷ്യാമഹാരാജ്യത്തിലെ സകലപ്രവിശ്യകളിലെയും ഗ്രാമങ്ങളിലെയും ചെറിയപട്ടണങ്ങളിലെയും ഗ്രാമീണ യഹൂദർക്ക് ആദാർ പതിമ്മൂന്നിന് ശത്രുക്കളെ മുഴുവൻ ഉന്മൂലനം ചെയ്യുവാൻ കഴിഞ്ഞു. ഏകദേശം എഴുപത്തിഅയ്യായിരത്തിലേറെപ്പേർ - രാജ്യദ്രോഹികൾ - കൊലചെയ്യപ്പെട്ടിരുന്നു.

എത്രയോ നാളുകളായി ജനമനസ്സ് ശൂന്യതയിലായിരുന്നു. ആ ഇരുൾമൂലയിൽനിന്നാണ് വെളിച്ചത്തിലേക്കുള്ള ഉണർവുണ്ടായത്.

ഒരേ വികാരത്തോടെ ഒരേ മനസ്സോടെ ഒരുമിച്ചൊരു യാത്ര.

യുദ്ധം വിജയത്തിന്റേതു മാത്രമല്ല, പരാജയത്തിന്റേതുമാണ്. ഒരുപക്ഷേ, എത്രയോ നിരപരാധികളുടെയും രക്തംവീണു പങ്കിലമായിട്ടുണ്ടാവണം ഈ സ്വാതന്ത്ര്യപ്പോരാട്ടങ്ങളിൽ...!

ശേഷം 14-ാം പേജിൽ



സി. ആൻജോസ് എച്ച്. എസ്.

# ലോകത്തിന്റെ ശക്തികേന്ദ്രം ഈ തിരുഹൃദയം


## ഈശോയുടെ തിരുഹൃദയത്തിരുനാൾ – ജൂൺ 8

മനുഷ്യരോടു ദൈവത്തിനുള്ള അപരിമേയസ്നേഹത്തിന്റെ പ്രതീകമായി ഈശോയുടെ തിരുഹൃദയത്തെ ആരാധിക്കുന്നതിനുള്ള തിരുനാളാണ് തിരുഹൃദയത്തിരുനാൾ. വി. കുർബാനയുടെ തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച തിരുഹൃദയത്തിരുനാൾ ആഘോഷിക്കുന്നു. 1856 ൽ 9–ാം പീയൂസ് പാപ്പായാണ് ഈശോയുടെ തിരുഹൃദയത്തിരുനാളാഘോഷം സഭയിൽ സാർവത്രികമായി ഏർപ്പെടുത്തിയത്. ഇതിന്റെ നൂറാം വാർഷികത്തിൽ ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപാപ്പാ തിരുഹൃദയഭക്തിയുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം, സ്വഭാവം എന്നിവ വിശദീകരിച്ചുകൊണ്ട് 'നിങ്ങൾ ജലം കോരിയെടുക്കുവിൻ' (Haurientis Aquas, May 15, 1956) എന്ന ചാക്രികലേഖനം പുറപ്പെടുവിച്ചു. തിരുഹൃദയഭക്തിയെ സംബന്ധിച്ച ഏറ്റവും ആധികാരികരേഖയാണിത്. തിരുഹൃദയഭക്തി ക്രിസ്തുമതത്തിന്റെ പൂർണമായ ഏറ്റുപറച്ചിലും എല്ലാ വിശ്വാസികൾക്കുമുള്ള കർശനമായ കടമയുമാണെന്ന് മാർപാപ്പാ ഇതിൽ പ്രസ്താവിക്കുന്നു.

1899 ജൂൺമാസത്തിൽ പതിമ്മൂന്നാം പാപ്പാ മനുഷ്യവർഗം മുഴുവനെയും കർത്താവിന്റെ തിരുഹൃദയത്തിന് ഔദ്യോഗികമായി പ്രതിഷ്ഠിച്ചു. കേരള ക്രൈസ്തവരുടെയിടയിൽ തിരുഹൃദയത്തോടുള്ള ജൂൺമാസവണക്കം ഏറെ സജീവമാണ്. ക്രിസ്തീയപാരമ്പര്യത്തിൽ വീടു വെഞ്ചരിക്കുമ്പോൾ മുതൽ ഈശോയുടെ തിരുഹൃദയരൂപം പ്രതിഷ്ഠിച്ചു വണങ്ങുന്നു. ഇന്നു നാം കാണുന്ന തിരുഹൃദയചിത്രം രൂപപ്പെട്ടത് പാരലമോണിയയിലെ വിസിറ്റേഷൻ മഠാംഗവും തിരുഹൃദയപ്രേഷിതയുമായ വി. മാർഗരറ്റ് മേരി അലക്കോക്ക് മുഖാന്തരമാണ്.

ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട പാർശ്വത്തോടുള്ള ഭക്തിയാണ് തിരുഹൃദയഭക്തിയുടെ അടിസ്ഥാനം. അതു വി. ഗ്രന്ഥാധിഷ്ഠിതവുമാണ്. "തങ്ങൾ കുത്തി മുറിവേല്പിച്ചവനെ അവർ നോക്കി നില്ക്കും'' (യോഹ. 19:37). പരിശുദ്ധാത്മാവാകുന്ന ജീവജലം പുറപ്പെടുന്നതും സഭയുടെ കൂദാശകളുടെയും കൃപാവരത്തിന്റെയും പ്രഭവസ്ഥാനവുമായ 'ജീവന്റെ ഉറവ' (യോഹ. 7:37–39) ക്രിസ്തുവിന്റെ ഹൃദയമാണ്. ആദിമക്രിസ്ത്യാനികൾ ധ്യാനിച്ചിരുന്ന ഈശോയുടെ തിരുമുറിവിനെക്കുറിച്ച് വി. ക്രിസോസ്തോം, വി. ആഗസ്തീനോസ് തുടങ്ങിയ പിതാക്കന്മാർ പഠിപ്പിച്ചിരുന്നു. വി. ബനദിക്കോസും സഭാംഗങ്ങളും വി. മെക്റ്റിൽഡും വി. ജൽത്രൂദും ഈശോയുടെ തിരുഹൃദയത്തോട് അസാധാരണ ഭക്തിയുള്ളവരായിരുന്നു. വിശുദ്ധ ളൂയീസ് ഗൊൺസാഗോയ്ക്ക് 'തിരുഹൃദയത്തിന്റെ പുണ്യവാൻ' എന്ന അപരനാമം ഉണ്ടായിരുന്നു. തിരുഹൃദയഭക്തിയാൽ നിറയപ്പെട്ട വി. ഫ്രാൻസിസ് ദെ സാലസിന്റെ ആത്മീയശിക്ഷണത്തിലായിരുന്നു വിസിറ്റേഷൻ സഭാംഗങ്ങൾ വളർന്നത്. ഈ സഭാംഗങ്ങൾവഴിയായും ഈശോ സഭാവൈദികർവഴിയായും തിരുഹൃദയഭക്തി ലോകമെങ്ങും പ്രചരിച്ചു. "തിരുഹൃദയപ്രതിഷ്ഠയുടെ അപ്പസ്തോലൻ' എന്ന അപരനാമത്തിൽ വിശ്വവിഖ്യാതനായ ഫാ. മത്തയോക്രൗളി തിരുഹൃദയഭക്തിയെക്കുറിച്ച് കേരളത്തിലും പ്രസംഗിച്ചു.

'തിരുഹൃദയദാസൻ' എന്നു സ്വയം വിശേഷിപ്പിച്ച ധന്യൻ കദ



ളിക്കാട്ടിൽ മത്തായിയച്ചൻ പാലായിലും പരിസരപ്രദേശങ്ങളിലും തിരുഹൃദയഭക്തി പ്രചരിപ്പിച്ചു. കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചും തിരുമണിക്കൂർ ആരാധന നടത്തിയും തിരുഹൃദയസന്ന്യാസിനീസമൂഹത്തെ സ്ഥാപിച്ചും തിരുഹൃദയഭക്തിപ്രചാരണത്തിനായി, അദ്ദേഹം കഠിനപ്രയത്നം ചെയ്തു. തിരുഹൃദയമഹത്ത്വത്തിനായി 1911 ൽ മത്തായിയച്ചൻ പാലായിൽ സ്ഥാപിച്ച തിരുഹൃദയസമൂഹത്തിൽ (എസ്.എച്ച്.കോൺഗ്രിഗേഷൻ) ഇന്ന് മൂവായിരത്തിലധികം സഹോദരികൾ ഉണ്ട്.

ഈശോയുടെ തിരുഹൃദയത്തെ ആരാധിക്കുക, അവിടുത്തെ ഹൃദയത്തോടു സ്നേഹവും കൃതജ്ഞതയും പ്രകാശിപ്പിക്കുക, പരിശുദ്ധകുർബാനയിൽ അവിടുത്തെ ഹൃദയം അനുഭവിക്കുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരമനുഷ്ഠിക്കുക എന്നതാണ് തിരുഹൃദയഭക്തിയുടെ അന്തഃസത്ത.

ഈശോയുടെ തിരുഹൃദയം ഈശോ മുഴുവനുമാകുന്നു. തിരുഹൃദയഭക്തിയുടെ പരമകാഷ്ഠ ഈശോയും നാമും തമ്മിലുള്ള ഹൃദയസംയോജനമാണ്. വി. ക്രിസോസ്തോം വി. പൗലോസിനെക്കുറിച്ചു പറയുന്നു: "പൗലോസിന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയമാകുന്നു." യഥാർഥ തിരുഹൃദയഭക്തി മനുഷ്യഹൃദയങ്ങളെ മിശിഹായുടെ ഹൃദയമാക്കി രൂപാന്തരപ്പെടുത്തും. സുവിശേഷപ്രബോധനങ്ങളിന്മേൽ കെട്ടുറപ്പോടെ പടുത്തുയർത്തപ്പെട്ടതും സഭാപാരമ്പര്യവും ആരാധനാക്രമവും പരിപോഷിപ്പിക്കുന്നതും സഭയിൽ പുരുഷാന്തരങ്ങളിലൂടെ നിലനിന്നുപോരുന്നതുമായ തിരുഹൃദയഭക്തിയെ ഈ കാലഘട്ടത്തിൽ നാം അങ്ങേയറ്റം പരിപോഷിപ്പിക്കണം.

കെ. റാനർ പ്രസ്താവിച്ചിരിക്കുന്നു: "ഈശോയുടെ മുറിവേല്പിക്കപ്പെട്ട ഹൃദയം ലോകത്തിന്റെ കേന്ദ്രമാണ്. അതിൽ ലോകചരിത്രത്തിലെ എല്ലാ ശക്തികളും ചിന്താഗതികളും ഒന്നിക്കുന്നു." വി. ബൊനവഞ്ചർ എഴുതി: "മുറിവേറ്റ ഈ ഹൃദയത്തെ ആരാണു സ്നേഹിക്കാതിരിക്കുക? നമ്മെ ഇത്രമാത്രം സ്നേഹിക്കുന്ന അവനെ ആരാണ് തിരിച്ചു സ്നേഹിക്കാതിരിക്കുക?

സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചതും മാർപാപ്പാമാർ ആധികാരികപ്രബോധനങ്ങളിലൂടെ പഠിപ്പിച്ചതുമായ തിരുഹൃദയഭക്തി നമ്മുടെ കാലഘട്ടത്തിന്റെ അടിയന്തരാവശ്യങ്ങൾക്കുള്ള അസാധാരണമായ പരിഹാരമാർഗമാണ്. ലോകത്തിന്റെ മായികപ്രപഞ്ചത്തിൽ മയങ്ങിപ്പോകുന്നവർക്കുള്ള മറുമരുന്നാണിത്. നട്ടുച്ചയ്ക്ക് യാക്കോബിന്റെ കിണറ്റിൻകരയിലെത്തിയ സമരിയാക്കാരിയെപ്പോലെ ഈശോയുടെ തിരുഹൃദയസരിത്തിൽ അണഞ്ഞ് ആ ദിവ്യജലം പാനം ചെയ്ത് ആധുനികലോകം ദാഹം ശമിപ്പിച്ചിരുന്നെങ്കിൽ! ഈശോ നമ്മെ ക്ഷണിക്കുന്നു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" (യോഹ. 7:37). സമരിയാക്കാരിയോട് അവിടുന്നു പറഞ്ഞു: "ഞാൻ നല്കുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും" (യോഹ. 4:14). ഈശോയുടെ തിരുഹൃദയമാധുരിയും അതിന്റെ സ്നേഹസ്പന്ദനവും അറിയുന്നതിന് സമരിയാക്കാരിയേപ്പോലെ അവിടുത്തോടു സംവദിക്കണം. വി. യോഹന്നാൻ ശ്ലീഹായെപ്പോലെ അവിടുത്തെ വക്ഷസ്സിലേക്കു നാം ചേർന്നിരിക്കണം. ശാന്തശീലനും വിനീതഹൃദയനുമായ അവിടുത്തെ നുകം വഹിച്ച് അവിടുന്നിൽ നിന്നു പഠിക്കണം. പിതാവിനോടും മനുഷ്യരോടുമുള്ള നിസ്സീമമായ സ്നേഹത്തിന്റെ അടയാളമാണ് അവിടുത്തെ പിളർക്കപ്പെട്ട ഹൃദയം. ചങ്കുതുറന്നു സ്നേഹിച്ചവനെ ചങ്കുകൊടുത്തു സ്നേഹിക്കാനും സ്വീകരിക്കാനും നമുക്കു സാധിക്കട്ടെ. തിരുഹൃദയത്തിരുനാൾ അതിനു പ്രേരകമാകട്ടെ!

■




11–-ാം പേജ് തുടർച്ച

നൊമ്പരങ്ങളുടെ ചില്ലകൾ ഇനി പുഴുക്കേടും വാട്ടവുമില്ലാതെ കരുത്തോടെ വളർന്നോളും.

നല്ലൊരു കൃഷിക്കാരനെപ്പോലെയാണ് മൊർദെക്കായി പ്രവർത്തിച്ചത്. നടന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തി. രാജാവിന്റെ ഭവനത്തിൽ ഉന്നതനായിരുന്നതിനാൽ അവന്റെ കീർത്തി സകല പ്രവിശ്യകളിലും വ്യാപരിച്ചിരുന്നു.

ദുഃഖം സന്തോഷമായും വിലാപം വിശ്രമമായും മാറിയ ആദാർമാസം പതിന്നാലും പതിനഞ്ചും ദിവസങ്ങൾ എല്ലാവർഷവും പേർഷ്യാമഹാസാമ്രാജ്യത്തിലെ യഹൂദരും മറ്റെല്ലാ പൗരന്മാരും മോചനദിനങ്ങളായി ആചരിക്കണമെന്ന നിർദേശം രേഖകളിൽ ഉൾപ്പെടുത്തി.

വിരുന്നുകളിലൂടെ സൗഹൃദം പങ്കിടണം.

പരസ്പരം സമ്മാനങ്ങൾ നല്കി മനസ്സിൽ സന്തോഷം നിറയ്ക്കണം. ദരിദ്രരെ സഹായിക്കണം.

ഈ ദിവസങ്ങളുടെ പ്രാധാന്യം അവിസ്മരണീയമായി നിലനിർത്തണം.

വിമോചനദിനോത്സവത്തിന് അവർ ഒരു പേരുമിട്ടു. – പൂരിം മഹോത്സവം.

കാരണം, കഴിഞ്ഞ വർഷത്തിൽ നീസാൻമുതൽ ആദാർ വരെയുള്ള പന്ത്രണ്ടുമാസവും യഹൂദരെ ഇല്ലായ്മ ചെയ്യുന്നതിനു യോജിച്ചദിവസം കണ്ടുപിടിക്കുവാൻ ഹാമാൻ പൂര് (നറുക്ക്) ഇട്ടിരുന്നു. അങ്ങനെയാണ് ആദാർമാസം പതിമ്മൂന്ന് തിരഞ്ഞെടുത്തത്. ദൈവാനുഗ്രഹത്താൽ അതേദിവസംതന്നെ വിജയദിനമായിത്തീർന്നു. സങ്കടത്തിന്റെയും സന്തോഷത്തിന്റെയും ഓർമകളൊന്നിച്ചു മനസ്സിലേക്കെത്തുവാനായിട്ടാണ് യഹൂദജനം പൂരിന് പൂരിം എന്ന പേരിട്ടു വിളിച്ചത്.

രാജകല്പനയുടെ സ്രോതസ്സായത് മഹാരാജ്ഞി എസ്തേറാണ്. അവളുടെ അവസരോചിതമായ ഇടപെടലുകളാണ് ഇത്തരമൊരു മഹാവിജയത്തിൽ പിന്നിൽ പ്രവർത്തിച്ചത്.

മൊർദെക്കായി അറിയാതെ പണ്ടത്തെ സ്വപ്നത്തെപ്പറ്റി ഓർമിച്ചുപോയി. മഹാനദിയായി മാറിയ നീരുറവ.

പ്രകാശവും സൂര്യനും സമൃദ്ധമായ തെളിനീരും ആ നദിതന്നെയാണ്.

അഹസ്വേരുസ്ചക്രവർത്തി പട്ടമഹിഷിയായി ഉയർത്തിയ എസ്തേർ.

ഒറ്റയായിരിക്കുമ്പോൾ കൂട്ടായിവന്നവൾ. എത്ര വലിയ കൊടുംകാറ്റിലും ഉലഞ്ഞുപോവാത്തവൾ.

വലിച്ചെറിയപ്പെട്ടവർക്ക്, ആകുലതകൾ പേറുന്നവർക്ക് ആശ്വാസവരമായവൾ.

സമൂഹത്തെ തിളക്കങ്ങളിലേക്ക് എടുത്തുയർത്തിയവൾ.

ആദ്യപല സന്ദർഭങ്ങളിലും ജീവനെത്തന്നെയാണ് എസ്തേർ പണയമാക്കിയത്. നിശ്ചയദാർഢ്യത്തിന്റെയും ധൈര്യത്തിന്റെയുംകൂടി വിജയമാണിത്. മുന്നേറാൻ ഒരു പഴുതുമില്ലാത്ത അടഞ്ഞകോട്ടയുടെ രാക്ഷസവാതിലിന്റെ മുന്നിൽ അസ്തപ്രജ്ഞയായി വീണില്ല. അതുതുറന്നു മുന്നേറാനുള്ള രഹസ്യമന്ത്രത്തിന്റെ താക്കോൽ കൈയിലെടുത്തു. അപൂർണതയെ പൂരിപ്പിച്ചു. ആശങ്കകളെ തെളിനീരാക്കി.

അന്നും അഹസ്വേരുസ് എസ്തേറിനെ സന്ദർശിച്ചു. അറിയപ്പെടാതെ തിളയ്ക്കുന്ന കടലിൽ കൊടുങ്കാറ്റിനെ ശാന്തമാക്കിയവളെ അദ്ഭുതത്തോടെ നോക്കി.

ചക്രവർത്തി പറഞ്ഞു:

''നീ പേർഷ്യയുടെ അമ്മയാണ്."

"എനിക്ക് ആ കവിത മനസ്സിലായില്ല."

അവൾ കിലുങ്ങി.

''ഞാനെന്റെ ഥാരിയുടെ മാത്രം അമ്മയാണ്."

ചക്രവർത്തി അവളുടെ അണിവിരലിൽ ഒരു വജ്രമോതിരമണിയിച്ചു.

അനുരാഗസാന്ദ്രമായ മധുരമായ വാക്കുതിർന്നു:

"അല്ല എസ്തേർ, നീ നെഹാമിയായുടെ അമ്മയാണ്. ഷബാനിയുടെയും സേരെഷിന്റെയും അമ്മയാണ്. എന്റെയും നാടിന്റെയും അമ്മയാണ്."



നോവലിസ്റ്റ്

അനുരാഗസാന്ദ്രമായ മധുരവാക്കുകളോടെ രാജാവ് എസ്തേറിന്റെ അധരങ്ങളിൽ അധരങ്ങൾ ചേർത്തു.

പെട്ടെന്നു കുളിർന്നുണർന്ന ഒരു ബാഷ്പബിന്ദു അവളുടെ കാർമിഴിത്തുമ്പിൽ വന്നുനിന്നു. ഒരു ചെമ്പനീർമൊട്ടു വിരിയുംപോലെ ചുണ്ടുകളിൽ പുഞ്ചിരിയും തെളിഞ്ഞു.

എന്തു മറുപടി പറയണമെന്നു നിശ്ചയമില്ലാതെ എസ്തേർ മഹാരാജാവിന്റെ നെഞ്ചോട് അകലാനാവാത്തത്ര അടുത്തുചേർന്നു കിടന്നു.


*(അവസാനിച്ചു)*

# സുനിൽഛേത്രി വിരമിക്കുന്നു പകരക്കാനില്ലാതെ ഇന്ത്യ



സനിൽ പി. തോമസ്

കഴിഞ്ഞ വർഷം തുളസീദാസ് ബലറാം അന്തരിച്ചപ്പോൾ, ഇന്ത്യൻ ഫുട്ബോൾ കണ്ട എക്കാലത്തെയും മികച്ച മുന്നേറ്റനിരയിലെ അവസാനകണ്ണിയും മുറിഞ്ഞുമാറുകയായിരുന്നു. പി.കെ. ബാനർജിയും ചുനി ഗോസ്വാമിയും ബലറാമും



ഉൾപ്പെട്ട ആക്രമണനിര ഇന്ത്യൻ ഫുട്ബോൾചരിത്രത്തിലെ ത്രസിപ്പിക്കുന്ന ഓർമയാണ്. ഇന്ത്യ അവസാനമായി ഒളിമ്പിക്സ് ഫുട്ബോളിൽ പങ്കെടുത്ത 1960 ൽ (റോം) ലോകം ശ്രദ്ധിച്ച കുതിപ്പാണ് ത്രിമൂർത്തികൾ നടത്തിയത്. ഇന്ത്യ പരാജയപ്പെട്ടപ്പോഴും ഏവരും ശ്രദ്ധിച്ച പന്തടക്കവും ആക്രമണവുമാണ് കളത്തിൽ കണ്ടത്. എന്നാൽ, അന്ന് അവർ മാത്രമായിരുന്നില്ല ഇന്ത്യയുടെ ആക്രമണനിരയിൽ. സൈമൺ സുന്ദർരാജും ജർനെയ്ൽസിങ്ങും കണ്ണനും ദേവദാസും ഹമീദുമൊക്കെ അവർക്കൊപ്പം എതിർഗോൾമുഖത്ത് ഇരമ്പിയെത്തിയിരുന്നു.

എന്നാൽ, വരുന്ന ജൂൺ ആറിന് കൊൽക്കത്തയിൽ കുവൈറ്റിനെതിരായ ലോകകപ്പ് യോഗ്യതാമത്സരത്തോടെ രാജ്യാന്തര ഫുട്ബോളിൽനിന്നു വിരമിക്കുന്നുവെന്ന് ഇന്ത്യൻ നായകൻ സുനിൽ ഛേത്രി പ്രഖ്യാപിച്ചപ്പോൾ ഇനിയാര് എന്ന ചോദ്യമാണ് ഉയരുന്നത്. കാരണം, 2011 ൽ ബൈച്ചുങ് ബൂട്ടിയ വിരമിച്ചശേഷം ഇന്ത്യൻ ഫുട്ബോൾ സുനിൽ ഛേത്രിയെന്ന ഒരേയൊരു കളിക്കാരനിൽ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. ഛേത്രി ബൂട്ട് അഴിക്കുമ്പോൾ ഇന്ത്യ ലോകറാങ്കിങ്ങിൽ 121. ഇനിയും പിന്നോട്ടോയെന്ന ആശങ്കയിലാണ് ഇന്ത്യയിലെ ഫുട്ബോൾ പ്രേമികൾ.

ഇന്ത്യൻ ഫുട്ബോൾ തകർച്ചയിലേക്കു നീങ്ങിയ 1970 കളിലും തുടർന്നുള്ള പതിറ്റാണ്ടുകളിലും ടീമിൽ ഗോൾ അടിക്കാൻ ഒന്നിലേറെ താരങ്ങൾ ഉണ്ടായിരുന്നു. 1990 കളിൽ ഐ.എം. വിജയനും ബൈച്ചുങ് ബൂട്ടിയയും ഒരുപോലെ മികവുകാട്ടി. പിന്നെ ബൂട്ടിയയ്ക്കു കൂട്ടായി ഛേത്രി എത്തുന്നു. 2011 ൽ ഛേത്രി ഇന്ത്യൻ നായകസ്ഥാനംകൂടി ഏറ്റെടുക്കുന്നു. തുടർന്നു പല താരങ്ങളും ഇന്ത്യൻ ആക്രമണനിരയിൽ വരുന്നതും പോകുന്നതുമാണു ദൃശ്യമായത്. അപ്പോഴും ഛേത്രി അചഞ്ചലനായി ഉണ്ടായിരുന്നു. ഒടുവിൽ മുപ്പത്തൊമ്പതാം വയസ്സിൽ സുനിൽ ഛേത്രി ഇന്ത്യയുടെ നീലജഴ്സി; പതിനൊന്നാംനമ്പർ ജേഴ്സി ഊരുന്നു.

നേപ്പാളി വംശജരാണ് സുനിൽ ഛേത്രിയുടെ കുടുംബം. 1984 ഓഗസ്റ്റ് മൂന്നിന് സെക്കന്തരാബാദിലാണ് സുനിൽ ജനിച്ചത്. പിതാവ് ഖാർഗ ഛേത്രി എന്ന കെ.ബി. ഛേത്രി ഇന്ത്യൻ ആർമി ഫുട്ബോൾ ടീമിൽ അംഗമായിരുന്നു. മാതാവ് സുശീലയും സഹോദരിമാരും നേപ്പാൾ വനിതാഫുട്ബോൾ ടീമിൽ കളിച്ചിരുന്നു. സ്വാഭാവികമായും സുനിൽ ഛേത്രിയുടെ രക്തത്തിൽ ഫുട്ബോൾ കളി അലിഞ്ഞിരിക്കണം. പക്ഷേ, ചെറുപ്പത്തിൽ കളിയിലൂടെ നല്ല കോളജിൽ പ്രവേശനം ഉറപ്പാക്കുക എന്നതിലപ്പുറമൊരു ലക്ഷ്യം സുനിലിന് ഇല്ലായിരുന്നു.

ഡൽഹി സിറ്റി ക്ലബിൽ 2001 – 02 ൽ കളിച്ചുതുടങ്ങിയതോടെ രംഗം മാറി. 2002 ൽ മോഹൻ ബഗാനിൽ എത്തി. 2005 വരെ അവിടെ തുടർന്നു. 18 മത്സരങ്ങളിൽ എട്ടു ഗോൾ അടിച്ചു. അണ്ടർ 20 ഇന്ത്യൻ ടീമിൽ എത്തിയതോടെ ലക്ഷ്യം തെളിഞ്ഞു. 2005 ജൂൺ 12 ന് പാക്കിസ്ഥാനെതിരേ ക്വറ്റയിൽ (ബലൂചിസ്ഥാൻ) കളിച്ചുകൊണ്ട് ഇന്ത്യൻ ദേശീയ ടീമിൽ അരങ്ങേറി. അന്നുതന്നെ ആദ്യഗോളും നേടി. ഇന്ത്യൻ താരങ്ങൾക്കു സുരക്ഷാഭീഷണി ഉണ്ടായിരുന്നതിനാൽ ഇരുപതുകാരനായ സുനിലിന്റെ സുരക്ഷയിലായിരുന്നു പിതാവിനും ആശങ്ക.

ബൈച്ചുങ് ബൂട്ടിയ കളിക്കുമ്പോൾത്തന്നെ, 2008 ൽ എ.എഫ്.സി. ചാലഞ്ച് കപ്പിൽ ഫൈനലിൽ ഹാട്രിക് നേടിയ സുനിൽ ഛേത്രി, ഏതെങ്കിലും ടൂർണമെന്റിന്റെ കലാശക്കളിയിൽ ഹാട്രിക് നേടിയ ആദ്യ ഇന്ത്യക്കാരനായി. അത്തവണത്തെ ചാലഞ്ച് കപ്പ് വിജയം, നാലുതവണ സാഫ് ചാമ്പ്യൻഷിപ്, മൂന്നുതവണ നെഹ്റു കപ്പ്, രണ്ടുതവണ ഇന്റർകോണ്ടിനെന്റൽ കപ്പ്. ഇന്ത്യ സമീപകാലത്തു കൈവരിച്ച പരിമിതമായ കിരീടനേട്ടങ്ങളിലെല്ലാം സുനിൽഛേത്രിയുടെ ഗോൾ അടിക്കാനുള്ള മികവ് രേഖപ്പെടുത്തപ്പെട്ടു. ആറു തവണ രാജ്യത്തെ മികച്ച ഫുട്ബോൾ കളിക്കാരനായി എ.ഐ.എഫ്.എഫ്. തിരഞ്ഞെടുത്തു. ഇപ്പോൾ കളിക്കുന്ന ബംഗളൂരു എഫ്.സി. ഉൾപ്പെടെ, ഐ ലീഗിലും ഐ.എസ്.എലിലുമായി 11 ക്ലബുകൾക്കു കളിച്ചു.

അമേരിക്കൻ മേജർ ലീഗിൽ കൻസാസ് സിറ്റി വിസാഡ്സിനും പോർച്ചുഗൽ ലീഗിൽ സ്പോർട്ടിങ് ലിസ്ബൻ 'ബി'ക്കും കളിച്ചു. പക്ഷേ, 2009 ൽ ഇംഗ്ലീഷ് ക്ലബ് ക്വീൻസ് പാർക്ക് റേഞ്ചേഴ്സുമായി മൂന്നുവർഷക്കരാർ ഉറപ്പിച്ചെങ്കിലും ഇന്ത്യയുടെ റാങ്ക് എഴുപതിനു മുകളിൽ ആയതിനാൽ യു.കെ. വർക്ക് പെർമിറ്റ് നൽകിയില്ല. വിദേശത്തു കളിച്ചവർക്കാകട്ടെ ആവശ്യത്തിന് അവസരങ്ങളും കിട്ടിയില്ല. ഇതോടെ സുനിൽ ഛേത്രി ഇന്ത്യയിലേക്കു മടങ്ങി.

ഛേത്രിയെ ഇന്ത്യ എങ്ങനെ ഹൃദയത്തിലേറ്റി എന്നതിന്റെ തെളിവാണ് 2018 ൽ മുംബൈ അരീനയിൽ കണ്ടത്. ഇന്റർകോണ്ടിനെന്റൽ കപ്പ് ഫുട്ബോൾ കാണാൻ ആളില്ല. ഇന്ത്യ കെനിയയെ നേരിട്ടപ്പോൾ ഛേത്രി വീഡിയോയിൽ ഫുട്ബോൾ പ്രേമികളോടു പരസ്യമായി അഭ്യർഥിച്ചു: "നിങ്ങൾ വിമർശിച്ചോളൂ. പക്ഷേ, കളി കാണാൻ വരണം." അത് ഹൃദയത്തിന്റെ ആഴങ്ങളിൽനിന്നുള്ള വാക്കുകളായിരുന്നു. 18,000 പേർക്ക് ഇരിപ്പിടമുണ്ടായിരുന്ന സ്റ്റേഡിയത്തിൽ ഇന്ത്യ-കെനിയ മത്സരത്തിന് ഒഴിഞ്ഞ കസേരകൾ കുറവായിരുന്നു.

സുനിൽ ഛേത്രിയുടെ ഭാര്യ, മോഹൻ ബഗാൻ പരിശീലകൻ സുബ്രതോ ഭട്ടാചാര്യയുടെ പുത്രി സോനം ആണ്. ഒരു പുത്രനുണ്ട്: ധ്രുവ്. ഇനി ക്ലബ് ഫുട്ബോൾ കഴിഞ്ഞാൽ ഛേത്രിക്ക് കുടുംബത്തോടൊപ്പം ചെലവിടാൻ സമയമേറെ. പക്ഷേ, ഛേത്രിക്കു പകരക്കാരനെ, പകരക്കാരെത്തന്നെ കണ്ടെത്തിയില്ലെങ്കിൽ ഇന്ത്യൻ ഫുട്ബോൾ അനാഥമാകും. ഒരു മുന്നേറ്റനിര തന്നെ വളർന്നുവരേണ്ടതാണ്. ഗോൾ അടിക്കാനും അസിസ്റ്റിനും മികച്ച താരങ്ങൾ വേണം. ■

---

കവിത | പ്രദീഷ് അരുവിക്കര

## ഈ ഭൂമിയെത്ര പച്ചയായിരുന്നു



ഒരു കുട്ടി പുസ്തകം വായിച്ചു പറയും
ഈ ഭൂമിയെത്ര പച്ചയായിരുന്നെന്ന്
തെളിനീരു വറ്റാത്ത പുഴകളുണ്ടെന്ന്
മഴമേഘം ചുംബിച്ച മലകളുണ്ടെന്ന്
ഹരിതവൃക്ഷങ്ങൾ കുടചൂടിനിന്നെന്ന്
ഒരു കുട്ടി പുസ്തകം വായിച്ചു പറയും...

വയലുകളുഴുതന്ന് വിത്തെറിഞ്ഞെന്ന്
വയൽപ്പാട്ടു പാടി കൊയ്തെടുത്തെന്ന്
കതിരുകൊത്തിപ്പാറി കിളി ചിലച്ചെന്ന്
കടവത്തു കരയുന്ന തവളയുണ്ടെന്ന്
മധുരപ്പഴങ്ങളിൽ മായമില്ലെന്ന്
ഒരു കുട്ടി പുസ്തകം വായിച്ചു പറയും...

വഴികളിൽ ദുർഗന്ധക്കൂനകളില്ലെന്ന്
വായുവിൽ മാരകവിഷമയമില്ലെന്ന്
മണ്ണിന്റെ മാറിൽ മാലിന്യമില്ലെന്ന്
വിണ്ണിന്റ കൂരയിൽ വിള്ളലുകളില്ലെന്ന്
ഒരു കുട്ടി പുസ്തകം വായിച്ചു പറയും...

ഒരു കുട്ടി പുസ്തകം വായിച്ചു ഭയക്കും
ഇനിയുമീ വേനലിൽ തീമഴ പെയ്യും
ഇനിയും പ്രളയം കരകവിഞ്ഞൊഴുകും
ഇനിയുള്ള ജീവിതം ദുരിതക്കടലാകും
ഒരു കുട്ടി പുസ്തകം വായിച്ചു പറയും
ഈ ഭൂമിയെത്ര പച്ചയായിരുന്നെന്ന്!

Deepanalam Weekly
RNI No : 16998/68
Vol. 57 No. 14 Date of Publication 6 June 2024
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത്
നമ്മുടെ അച്ചായൻസ് തന്നെ





23

നിങ്ങളുടെ സ്വർണ്ണം വിൽക്കുമ്പോൾ
ഏറ്റവും ഉയർന്ന വില നൽകുന്നു

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത്
ഏറ്റവും ഉയർന്ന വിലയിൽ വിൽക്കുവാൻ
സഹായിക്കുന്നു.

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ
തൂക്കത്തിൽ കുറവു വരുത്താതെ
ഏറ്റവും ഉയർന്ന വില നൽകുന്നു.

അച്ചായൻസ്
ഗോൾഡ് 916

പാലാ

എറണാകുളം | ചങ്ങനാശ്ശേരി | കോട്ടയം | ഏറ്റുമാനൂർ | ഉഴവൂർ | ചിങ്ങവനം | സംക്രാന്തി
കടുവാക്കുളം | കരിങ്കുന്നം | ചേർത്തല | കടുത്തുരുത്തി | തൊടുപുഴ

+91 9072 388 172 | +91 9847 113 429

അച്ചായൻസ് ഗോൾഡിൽ
പ്രവാസികൾക്കായി
പ്രത്യേക ആനുകൂല്യങ്ങൾ



വിദേശ പഠനം, ജോലി എന്നിവയ്ക്കായി
സ്വർണ്ണം വിൽക്കുമ്പോൾ
ബ്രാൻഡഡ് ട്രോളി ബാഗ്
സമ്മാനമായി നൽകുന്നു.

എളുപ്പം ജോലി ലഭിക്കാൻ
പാരാമെഡിക്കൽ കോഴ്സുകൾ
കോട്ടയത്തും പാലായിലും

SH
SCHOOL OF MEDICAL SCIENCE





UGC Approved University Diploma & Degree Courses

LAB, X-Ray, CT, MRI, ANM, Radiology

DMLT, BVoc MLT, BSc RIT, BSc MLT, DRIT, BVoc RIT

HOSPITAL ADMINISTRATION (MG University)

GDA - General Duty Assistant (Care Giver Course) (കേരള സർക്കാർ ASAP) (MG University)

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ,
യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

അഡ്മിഷൻ തുടരുന്നു



പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം

S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്
നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം, കോട്ടയം &
വിജി മെഡിക്കൽ സെന്റർ ഹോസ്പിറ്റൽ പെരുവ

PH: 99462 999 68
99462 999 86
99462 999 64

S.H. പാരാ മെഡിക്കൽ കോളജ്
(സെന്റ് മേരീസ് കോളജ് ബിൽഡിംഗ്) &
S.H. Charity Lab
Main Road പാലാ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org